
നമുക്ക്
കൃഷിത്തോട്ടത്തിലേക്ക്
പോകാം
"ഞാൻ മുന്തിരിവള്ളിയും; നിങ്ങൾ കൊമ്പുകളും ആകുന്നു..." യോഹ. 15:5
ഡയറക്ടർ മാനുവൽ

# നമുക്ക് കൃഷിത്തോട്ടത്തിലേക്ക് പോകാം




വി.ബി.എസ്(വെക്കേഷൻ ബൈബിൾ സ്കൂൾ)

“ഞാൻ മുന്തിരിവള്ളിയും; നിങ്ങൾ കൊമ്പുകളും ആകുന്നു...” യോഹ. 15:5

Chief Editor: Kristina Krauss

Creative Team: Dwight Krauss, Flor Boldo, Jennifer Sánchez Nieto, Julio Sánchez Nieto, Mike Kangas, Monserrat Duran Díaz, Suki Kangas, Verónica Toj, and Vickie Kangas.
Thanks to Michael Kangas and Joshua Mendoza for writing fabulous new songs for this VBS program.
Translation Team:
Ali Atuha, Aline Xavier, Annupama Wankhede, Aroma Publications, BlessieJetender, Blessy Jacob, Carla Mayumi, David Raju, Ephraim NjugunaMirobi, Finny Jacob, Jacob Kuruvilla, Jetender Singh, Marcos Rocha, Mathew Das, Nassim Bougtaia, Paul Mwangi, Paul Septan, Rubina Rai, Sabrina Benny John, and SubtitleMe.

# സ്വാഗതം !

പത്രോസിന്റെ ജീവിതത്തെക്കുറിച്ചും നമ്മുടെ ജീവിതത്തിൽ ഉണ്ടാകേണ്ട നല്ല തിരഞ്ഞെടുപ്പുകളെക്കുറിച്ചും പഠിക്കുവാൻ ''നമുക്ക് കൃഷിത്തോട്ടത്തിലേക്ക് പോകാം'' എന്ന വി.ബി.എസിലേക്ക് എല്ലാവർക്കും സ്വാഗതം. മുന്തിരിത്തോട്ടത്തിലെ ഗയിമുകൾ, കളപ്പുരയിലെ കരകൌശലങ്ങൾ, സിലോ ക്ലാസ്, പാത്രോസിനോടൊപ്പം ഒരു വിനോദയാത്ര എന്നിവയെല്ലാം ഉൾപ്പെടുത്തി നമുക്ക് ഒന്നിച്ച് സന്തോഷിക്കാം ചിലപ്പോൾ യേശുവും പത്രോസും നിങ്ങളുടെ സഭ സന്ദർശിച്ചേക്കാം. ബൈബിൾ കാലഘട്ടങ്ങളിലെ വസ്തുങ്ങൾ ഉണ്ടാക്കുന്നത് എളുപ്പമാണ്.

യേശുക്രിസ്തു മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആണെന്ന് തിരിച്ചറിയുന്ന വിധത്തിലുള്ള ഒരു വലിയ ഇവന്റിനായി (പ്രോഗ്രാം) ഒരുങ്ങുക. കൂട്ടുകാരോട് ഒത്ത് കരങ്ങൾ കൊട്ടി അഭിവാദ്യം ചെയ്യുന്നതും ആംഗ്യങ്ങളോട്ടുകൂടിയുള്ള പാട്ടുകളും ആധുനിക രീതിയിൽ ഉള്ള നല്ല നാടകാവതരണങ്ങളും പുതിയ കൂട്ടുകാരെ രൂപപ്പെടുത്തിയെടുക്കുന്നതും അതിൽ ഉൾപ്പെടുന്നു. ജന്നി രൂപം നൽകിയ വിദ്യാർത്ഥികളുടെ 4 ബുക്കുകളിലെ 5 പ്രധാന വിഷയങ്ങളിൽ നിന്ന് നല്ല തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനു സഭ മുഴുവനും കുട്ടികളോടൊത്ത് അത് വീക്ഷിക്കും. 1.ഞാൻ വിശ്വസിക്കാൻ തിരഞ്ഞെടുക്കുന്നു. 2. ഞാൻ മാറ്റത്തിന് തിരഞ്ഞെടുക്കുന്നു 3. ഞാൻ അനുസരണത്തിനു തിരഞ്ഞെടുക്കുന്നു 3. ഞാൻ ആശ്രയത്തിനു തിരഞ്ഞെടുക്കുന്നു.

ജൂലിയോ ഉണ്ടാക്കുന്ന വിവിധ തരത്തിലുള്ള സ്വാദിഷ്ടമായ ലഘുഭക്ഷണം, ജന്നിയൊരുക്കുന്ന നിങ്ങളുടെ ചർച്ചിന് വേണ്ടിയുള്ള കമനീയമായ അലങ്കാരങ്ങൾ, സുകിയുടെ രസകരമായ ആശയങ്ങളും, രൂബേൻ, മൈക്ക്, ക്രിസ്റ്റി, സുകി എന്നിവരുടെ ചലനാത്മകമായ ഗാനങ്ങളും, സുകി, മോൻസി എന്നിവരുടെ പുതിയ കോരിയോഗ്രാഫിയും അതിശയിപ്പിക്കുന്ന ട്രിക്കുകൾ, പാഠങ്ങൾ, നവീന നാടകങ്ങൾ, ഗയിമുകൾ ക്രിസ്റ്റിയുടെ അഭിനന്ദനങ്ങൾ സുകിയുടെ കലാപരമായ കഴിവുകൾ തുടങ്ങി വിവിധ തരത്തിലുള്ള രുചിഭേദങ്ങൾ ഉൾക്കൊണ്ട ഒരു വി.ബി.എസ് ആണിത്. നിങ്ങളുടെ വി.ബി.എസ് സന്ദർശിക്കാൻ സാദ്ധ്യതയുള്ള 2 വ്യത്യസ്തങ്ങളെക്കുറിച്ച് ഞങ്ങൾ ആവേശഭരിതരാണ്. ഒരു കുതിരയുടേയും ഒരു കോഴിയുടേയും പാവകൾ എല്ലാ ദിവസങ്ങളിലെ വി.ബി.എസിന്റെ സമാപനസമയത്ത് നടത്തുന്ന ഫ്ലോർ എഴുതിയ പാവ പ്രദർശനം കണ്ട് കുട്ടികൾ ചിരിക്കുവാൻ അവസരം ഉണ്ടാകും. വിക്കി രൂപം നൽകിയ പാവകളുടെ മാതൃകകൾ ഉണ്ടാക്കുവാൻ എളുപ്പവും വി.ബി.എസിന് ജീവൻ പകരുന്നവയും ആണ്.

വി.ബി.എസിനോടുള്ള ബന്ധത്തിൽ പ്രത്യേകതകൾ ഉണ്ട്. വി.ബി.എസിന്റെ ദിനങ്ങൾ അടുക്കുമ്പോൾ ആകാംക്ഷ വർദ്ധിക്കുകയും അലങ്കാരങ്ങൾ ഒരുക്കപ്പെടുകയും കുട്ടികൾ അക്ഷമരാകുകയും സഭ മുഴുവൻ ആ വലിയ ഇവന്റിനേക്കുറിച്ച് അവബോധമുള്ളവർ

ആകുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് നാം അങ്ങനെ ചെയ്യുന്നത്. ഒരു വി.ബി.എസ് സംഘടിപ്പിക്കുവാൻ എന്തുകൊണ്ടാണ് നാം കഠിനമായി അദ്ധ്വാനിക്കുന്നത്. ദൈവം കുട്ടികളെ സ്നേഹിക്കുന്നതും അവരിൽ പ്രത്യേകത കാണുന്നതുകൊണ്ടും അവർ ദൈവവചനം കേൾക്കേണ്ടത് ആവശ്യമാണെന്ന് അറിയുന്നതുകൊണ്ടുമാണ്. മറ്റൊരു പ്രധാന കാരണം നിങ്ങൾ കൂടുതൽ കുട്ടികളെ ദൈവത്തിങ്കലേക്ക് എത്തിക്കുന്നു എന്നതാണ്. ഈ വലിയ സംരംഭം സമൂഹത്തിൽ നിന്ന് കുടുംബങ്ങളെ സഭയിലേക്ക് ആകർഷിക്കുന്നതിനുള്ള ഒരു ഉപകരണം ആയി ഉപയോഗപ്പെടുത്താൻ കഴിയും. ഇത് നിങ്ങൾടെ സഭയിലെ കുട്ടികൾക്ക് വേണ്ടി മാത്രമായി ഒതുക്കാതെ സമൂഹത്തെ ക്ഷണിച്ച്, സഭാംഗങ്ങളെ എല്ലാം ഉൾപ്പെടുത്തി സമൂഹത്തിനു ഓർക്കാൻ കഴിയുന്ന ഒരു സംഭവമായി മാറട്ടെ!

കൊച്ചുകുട്ടികൾ പങ്കെടുക്കുന്ന ഈ പ്രോഗ്രാമിന് നേതൃത്വം നൽകുന്ന എല്ലാവരോടും കൂടി കുട്ടികൾ പ്രാധാന്യമുള്ളവർ എന്നതിലെ എല്ലാ റ്റീമംഗങ്ങളും ഉണ്ട്. നിങ്ങളുടെ വി.ബി.എസിന് എല്ലാ അനുഗ്രഹങ്ങളും !!!

- സിസ്റ്റർ ക്രിസ്റ്റീന ക്രാസ്.



# ഈ വസ്തുക്കൾ ഉപയോഗിക്കേണ്ടതെങ്ങനെ

### മെറ്റീരിയ എങ്ങനെ ഉപയോഗിക്കാം

എല്ലാ വർഷവും ''കുട്ടികൾ പ്രാധാന്യമുള്ളവർ'' എന്ന സംഘടനയിലെ സ്റ്റാഫംഗങ്ങൾ നിങ്ങൾക്ക് വേണ്ടി ഓരോ പുതിയ വി.ബി.എസ് നടത്തുന്നതിന ആഗ്രഹിക്കുന്നു ഈ വർഷവും മാറ്റമില്ലാതെ തുടരുന്നു. തുടർച്ചയായോ റൊട്ടേഷൻ ആയോ ഈ ക്ലാസ്സുകൾ നിങ്ങൾക്ക് ഉപയോഗിക്കാം. ഈ വി.ബി.എസിൽ ഒന്നിച്ചുള്ള പ്രവർത്തനം മോളം ഞങ്ങൾ മുമ്പ് ചെയ്തിട്ടുള്ളതുപോലെയും ഞങ്ങൾ സ്വായത്തമാക്കിയതുപോലെയും സഭയിൽ കൂടുതൽ ഐക്യം ഉടലെടുക്കുമെന്ന ഞങ്ങൾ പ്രത്യാശിക്കുന്നു. ഡിവിഡിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 8 പാട്ടുകളും കോരിയോഗ്രാഫിയും ഉപയോഗിക്കാൻ മറക്കരുത്. ഇതിന്റെ കാര്യക്രമങ്ങൾ നിങ്ങളുടെ താൽപര്യത്തിന അനുസരിച്ച് ചെയ്യാമെങ്കിലും ഈ പ്രോഗ്രാം എങ്ങനെ നിയന്ത്രിക്കുവാൻ കഴിയുമെന്ന ഒരു ആശയം അത് നിങ്ങൾക്ക് നൽകുന്നു. നിങ്ങളുടെ സമൂഹത്തിലെ കുട്ടികളെ ഉൾപ്പെടുത്താൻ മറക്കാതെ ചെറു നോട്ടീസുകളും പോസ്റ്ററുകളും ക്ഷണിക്കുന്നതിനായി ഉപയോഗപ്പെടുത്തുക ഈ പ്രോഗ്രാം നിങ്ങൾക്ക് ഏറ്റവും രസകരം ആയിത്തീരും എന്ന് ഞങ്ങൾ ആശിക്കുന്നു!!

### ആരംഭം

ഓരോ ദിനവും ഗാനങ്ങളും പ്രാർത്ഥനയോടുംകൂടി ആരംഭിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. അടുത്തതായി പാഠത്തിന്റെ തലക്കെട്ട് പ്രസ്താവിക്കയും മന:പാഠവാക്യം പറയുകയും ചെയ്യുക. കുട്ടികൾ ഒന്നിച്ച് ആയിരിക്കുമ്പോൾ ഒരു കൌശലം ഉപയോഗിച്ച് നേരെ പ്രധാന പാഠത്തിലേക്ക് കടക്കുക. പാഠത്തിന ശേഷം എപ്പോഴും കുതിരയുടെയും കോഴിയുടേയും പാവ ഉപയോഗിക്കുന്നു.ഒരു പാട്ടിന വീണ്ടും നേതൃത്വം കൊടുക്കുന്നു. അവസാനമായി, കുട്ടികളെ പ്രായത്തിന അനുസരിച്ച് വിഭജിച്ച് വിവിധ കേന്ദ്രങ്ങളിലും തുടരാൻ അനുവദിക്കുക.

### പാഠങ്ങളോട് ചേർന്ന് കൌശലങ്ങ

ഈ വർഷം നിങ്ങളുടെ പ്രധാന വി.ബി.എസ് പാഠങ്ങൾക്ക് കൌതുകമായ സ്വാഗതം നൽകുന്ന വളരെ ശാന്തമായ ചിലതുണ്ട്. സന്ദേശങ്ങളോടോത്തുള്ള കൌശലങ്ങൾ, മാജിക്ക് ഷോ പോലെ,(എന്നാൽ തീർച്ചയായും മാജിക്ക് അല്ല താനും) ഉള്ളവ. നിങ്ങൾ അതിൽ പരിവ്ഹായ സമ്പന്നർ ആകുന്നതുവരെ ആ കൌശലങ്ങൾ പരിശീലിക്കേണ്ടതാണ്. ഈ കൌശലങ്ങൾക്കുള്ള നിർദ്ദേശങ്ങൾ രഹസ്യം ആയതിനാൽ തീർച്ചയായും അത് മറ്റാരോടും വെളിപ്പെടുത്തേണ്ടതില്ല. നേരിൽ നമ്മെ അത്ഭുതപ്പെടുത്തുന്ന ചില പാഠങ്ങൾ കൊണ്ടു തരും. നിങ്ങൾ അതിന്റെ കൌശലം മനസിലാക്കി അതിനായി ശരിക്കുള്ള അഭിനയ പരിശീലനം നടത്തേണ്ടതാണ്.

വീഡിയോയിലുള്ള കൌശലങ്ങൾ മനസിലാക്കാൻ ഞങ്ങളുടെ യൂ റ്റൂബ് ചാനലിന്റെ വരിക്കാരൻ ആകുക.

### പരിപാടി: (2 - 4 മണിക്കൂറുകൾ)

തുടക്കം:

(20 - 40 മിനിറ്റുകൾ )

- സ്വാഗതവും പാഠത്തിന്റെ തലവാചകവും
- സംഗീതം
- പ്രധാന പാഠം
- കൌശലം(ട്രിക്ക്)

4 കേന്ദ്രങ്ങളിലൂടെ ചുറ്റിത്തിരിയൽ:

(20 - 40 വരെ മിനിറ്റുകൾ ഓരോന്നിനും)

1. സിലോ ക്ലാസ്

- വിദ്യാർത്ഥികളുടെ പുസ്തകങ്ങൾ

2. പത്രോസുമൊത്തുള്ള ഒരു ലഘുവിനോദയാത്ര

- നാടകം/പത്രോസിനോടും യേശുവിനോടും ഒത്തുള്ള സ്കെച്ച്
- ലഘുഭക്ഷണം

3. മുന്തിരിത്തോട്ട ഗയിമുകൾ

- ഗയിമുകൾ

4. കളപ്പുരയുടെ ക്രാഫ്റ്റുകൾ

- പ്രത്യേക അഭിവാദനം
- കരകൌശലങ്ങൾ

സമാപനം:

(20 – 40 മിനിറ്റുകൾ)

- പാവകളി(കോഴിയും കുതിരയും)
- പാട്ടുകൾ
- അറിയിപ്പുകൾ



## കേന്ദ്രങ്ങൾ(സ്റ്റേഷനുകൾ)

### സിലോ ക്ലാസ്




ഈ കേന്ദ്രത്തിൽ നിങ്ങളുടെ കുട്ടികൾ അവരുടെ പുസ്തകങ്ങൾ ഒന്ന് ആനന്ദിക്കുന്നു. ആദ്യമായി ഇപ്പോൾ കൌമാരപ്രായക്കാർക്കും യൌവന പ്രായത്തിൽ ഉള്ളവർക്കും വേണ്ട പുസ്തകങ്ങൾ നമുക്കുണ്ട്. പത്രോസുമൊത്ത് ഒരു ഉല്ലാസ യാത്രയിൽ അവർക്ക് അത് കഴിയുന്നതിനാൽ ഈ കേന്ദ്രത്തിൽ പാഠം നൽകേണ്ടതില്ല. വിദ്യാർത്ഥികളുടെ പുസ്തകങ്ങൾ വെബ്സൈറ്റിൽ നിന്ന് ഡൌൺ ലോഡ് ചെയ്ത് കോപ്പികൾ ഉണ്ടാക്കാവുന്നതാണ്. നമ്മുടെ വെബ്സൈറ്റിൽ പോയി ചിൽഡ്രൻ ആർ ഇമ്പോർട്ടന്റ് എന്നതിൽ വി.ബി.എസ് തിരഞ്ഞെടുത്ത് തുടർന്ന് നമുക്ക് കൃഷിത്തോട്ടത്തിലേക്ക് പോകാം എന്നത് തിരഞ്ഞെടുത്ത് പുസ്തകങ്ങൾ ഡൌൺ ലോഡ് ചെയ്യാം. നിങ്ങളുടെ സ്വന്തം ഭാഷ തിരഞ്ഞെടുക്കാൻ ഓർക്കുക.

### പത്രോസുമൊത്തൊരു ഉല്ലാസ യാത്ര




''പത്രോസുമൊത്ത് ഒരു ഉല്ലാസ യാത്ര'' എന്ന കേന്ദ്രത്തിൽ പത്രോസും യേശുവും മറ്റു ശിഷ്യന്മാരും ഒത്തുള്ള നാടകീയവും ആധുനികവുമായ ബൈബിൾ കഥകൾ നാം കാണും (അഭിനയിക്കാൻ എത്ര ചെറുപ്പക്കാർ ഒരുക്കമാണ്?). ഓരോ ദിവസവും ഓരോ നാടകം മുൻകൂട്ടി ഒരുങ്ങത്തക്കവിധം ഉള്ള ഒരു ശീലം ഉണ്ടാകട്ടെ. പത്രോസ് ഒരു സെൽഫി എടുക്കുന്നതുപോലെയും യേശു ഒരു വാട്സ് അപ്പ് സന്ദേശം അയക്കുന്നതുപോലെയും



കുട്ടികൾക്ക് വിനോദം ഉളവാകുന്ന തരത്തിൽ ആധുനിക രീതി ഉൾപ്പെടുത്തി കഥയ്ക്ക് മാറ്റം വരുത്തിയിട്ടുണ്ട്. ഹ-ഹ-ഹ പിന്നീട് രുചികരമായ ലഘുഭക്ഷണം ഉണ്ടാക്കി പത്രോസിനൊപ്പം ഒരു ഉല്ലാസ യാത്രയ്ക്കായി ഇരിക്കാം. ബൈബിൾ കാലഘട്ടങ്ങളിലുള്ള വസ്ത്രങ്ങൾ ഉണ്ടാക്കിയെടുക്കാൻ നിങ്ങളിലുള്ള കഴിവുകൾ ഉപയോഗിക്കുകയും ദയാതല്പരരായ ഒരു സഹോദരിയെ അന്നത്തെ ലഘുഭക്ഷണം ഒരുക്കാൻ ക്ഷണിക്കുകയും ചെയ്യുക.

### കളപ്പുരയിലെ കരകൌശലങ്ങൾ




കുട്ടികൾ പഠിച്ചതും ഓരോ കരകൌശലത്തിലും അച്ചടിച്ചിരിക്കുന്നതുമായ വാക്യങ്ങൾ വീട്ടിൽ കൊണ്ടുപോയി മാതാപിതാക്കളെ കാണിക്കത്തക്കവിധം അവരുടെ കരകൌശലങ്ങൾ ഉണ്ടാക്കുന്നതിൽ ആനന്ദിക്കും. മറ്റു



കരകൌശലങ്ങളിൽ നിന്ന് ,വ്യത്യസ്തമായ ഈ സെഷനിലെ ''കളപ്പുരയിലെ കരകൌശലങ്ങൾ', രസകരമായ അഭിവാദനത്തിലൂടെ നമ്മൾ പഠിക്കും. തീർച്ചയായും ഞങ്ങളുടെ യൂറ്റൂബ് ചാനലിൽ നിന്ന് വീഡിയോകൾ കണ്ട് അഭിവാദനം പഠിക്കുന്നത് എളുപ്പമാണ്!!! അതോടൊപ്പം ആംഗ്യങ്ങൾ  ഒത്തിരിക്കത്തക്കവിധം എഴുതപ്പെട്ട ഗ്രീറ്റിംഗും ഞങ്ങൾക്കുണ്ട്. 5 ദിവസങ്ങൾ ആംഗ്യങ്ങൾ പരിശീലിക്കുവാൻ എടുത്ത് അദ്ധ്യാപകരും കുട്ടികളുമൊത്ത് വിനോദം പങ്കിടാം. കരകൌശലങ്ങൾക്കുള്ള ഇനങ്ങൾ തീർത്തതിനാൽ ആദ്യം അഭിവാദനം ചെയ്യാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു.

### മുന്തിരിത്തോട്ട ഗെയിമുകൾ




നമ്മുടെ കുട്ടികൾക്കുള്ള ഊർജ്ജത്തിന്റെ കുറച്ച് ഭാഗങ്ങൾ എങ്കിലും ഉപയോഗിക്കാതെ ഒരു വി.ബി.എസ് ഒരിക്കലും പൂർണ്ണമാകില്ല. അദ്ധ്യാപകർ ഒരു വിസിൽ കൊണ്ട് ശ്രദ്ധിച്ച് നിയന്ത്രിക്കുവാൻ കഴിയുന്ന വിധത്തിൽ കുട്ടികൾക്ക് ഓടുവാൻ പറ്റുന്ന രീതിയിൽ ആണ് ഈ ഗയിം രൂപം കൊടുത്തിരിക്കുന്നത്. കളിക്കുന്നത് കുട്ടികൾക്ക് ഏറ്റവും പ്രാധാന്യമേറിയതാണ് അതിനാൽ അത് ഉപേക്ഷിക്കരുത്.

### പാവകൾ



നിങ്ങളുടെ വി.ബി.എസിൽ സന്ദർശിക്കാവുന്ന 2 വ്യക്തിത്വങ്ങൾ ഞങ്ങളെ ഉത്തേജിപ്പിക്കുന്നു. കുതിരയുടെയും കോഴിയുടേയും പാവകൾ ഓരോ ദിവസത്തിന്റെയും സമാപനസമയത്തുള്ള പാവകളി(പപ്പറ്റ് ഷോ) കുട്ടികളിൽ ചിരിയുളവാക്കും. ഗാനങ്ങൾ റിക്കോർഡ് ചെയ്യുവാൻ സഹായിച്ചതിനാൽ ഓരോ ദിവസത്തെ വി.ബി.എസിന്റെ തുടക്കത്തിലും ഗാനങ്ങളിൽ ഈ പാവകളെ ഉൾപ്പെടുത്താൻ കഴിയും.

നമ്മുടെ വെബ്സൈറ്റിൽ നിന്ന് ഇതിന്റെ മാതൃക എടുത്ത് കട്ടിയുള്ള തുണിയോ കമ്പിളിത്തുണിയോ  നിങ്ങളുടെ സ്ഥലത്ത് ലഭ്യമാകുന്ന മറ്റെന്തെങ്കിലുമോ കൊണ്ട് തുന്നിച്ചേർത്ത് പാവകളെ നിർമ്മിക്കാം. പാവകളുടെ നിർമ്മാണ പൂർത്തീകരണത്തിനു, കത്രിക, പെൻസിൽ, സിലിക്കോൺ, ഫില്ലർ അല്ലെങ്കിൽ പില്ലോ സ്റ്റഫിംഗ്, കാർഡ്ബോർഡ്, പശയുള്ള ടേപ്പ് , ചരട്, സൂചി മുതലായവ വേണം. അതുപോലെതന്നെ ഒരു പിവിസി പൈപ്പ് കൊണ്ടുള്ള തിയേറ്റർ അല്ലെങ്കിൽ കളപ്പുരയിലെ കാഴ്ചകൾ ഉൾപ്പെടുത്തി ഉണ്ടാക്കുന്നതോ വെബ്സൈറ്റിൽ നിന്ന് ലഭിക്കും. അതിന്റെ മാതൃക: www.childrenareimportant.com/farm.എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. നിങ്ങളുടെ പാവകളി 4 പേരെക്കൊണ്ട് എല്ലാ ദിവസവും എളുപ്പത്തിൽ ചെയ്യാൻ കഴിയും. 2 പേർ മൈക്രോഫോണിലൂടെ കുതിരയുടെയും കോഴിയുടേയും ശബ്ദം

പുറപ്പെടുവിക്കാനും 2 പേർ പാവകളെ ചലിപ്പിക്കാനും വേണം. നിങ്ങൾക്ക് പരിശീലനത്തിനും പാവകളെ എങ്ങനെ കൈകാരം ചെയ്യണം എന്ന ആശയങ്ങൾ ലഭിക്കുന്നതിനും ഉതകുന്ന ''എന്റെ സി.എം.യും'' (മൈ ചിൽഡ്രൻസ് മിനിസ്ട്രി യൂണിവേഴ്സിറ്റി ) എന്ന ഒരു ഭാഗം വെബ്സൈറ്റിൽ ഉണ്ടെന്ന് ഓർക്കുക.

## സമാപനം

പാവകളിക്ക് ശേഷം ഒരു പാട്ട് ആവർത്തിച്ച് പാടി നാളത്തേക്കുള്ള അറിയിപ്പുകൾ നൽകിയതിന് ശേഷം ഓരോ ദിവസത്തെയും വി.ബി.എസ് അവസാനിപ്പിക്കാവുന്നതാണ്. കരകൌശലത്തിന്റെ സമയത്ത് അഭിവാദനങ്ങൾ പൂർത്തികരിക്കാൻ കഴിഞ്ഞില്ലെങ്കിൽ സമാപന സമയത്ത് അത് ചെയ്യുക. അദ്ധ്യാപകരുടെ ശ്രേഷ്ഠമായ പ്രവർത്തനങ്ങളെ എടുത്തു പറയുവാൻ ഓർക്കുക.

### കൂടുതൽ ആശയങ്ങൾ

വാതിൽ അലങ്കാരങ്ങൾ

നിങ്ങളുടെ ക്ലാസിന്റെ പ്രവേശന വാതിൽ നിറമുള്ള ക്രാഫ്റ്റ് പേപ്പർ കൊണ്ട് അലങ്കരിക്കുക.











സിലോ(നിലവറ) ക്ലാസ്



ഒരു വലിയ നിലവറ സഭാഹാളിന്റെ ഒരു മൂലയിൽ ഉണ്ടാക്കുക. ഇതിന്റെ ഉദാഹരണത്തിന് വൃത്തത്തിലുള്ള മുകൾഭാഗം ഒരു കുട്ടിയുടെ വേഡിങ്ങോ നീന്തൽക്കുളമോ ആണ്. വൃത്തത്തിലുള്ള മതിലുകൾ പിവിസി ചുറ്റം പേപ്പർ പൊതിഞ്ഞവ ആയിരിക്കണം





കോഴിക്കുഞ്ഞുങ്ങളുടെ ജനനം

കടലാസിൽ ഒരു മുട്ടയുടെ രൂപം വരച്ച് മഞ്ഞ നിറം കൊടുക്കുക. കണ്ണിൽ പശ ഒട്ടിച്ച് മുഖത്ത് പക്ഷിയുടെ കൊക്ക് വരയ്ക്കുക.

ബ്രൌൺ പേപ്പറിൽ നിന്ന് അതേ രൂപത്തിലുള്ള ആകൃതി ഉണ്ടാക്കി മുറിച്ച് മുട്ടയുടെ അഗ്രഭാഗവും തവിട്ടുനിറത്തിലുള്ള മുട്ടത്തോടും തമ്മിൽ ഒട്ടിക്കുക. കാണിച്ചിരിക്കുന്നത് പോലെ മദ്ധ്യഭാഗത്ത് ഒരു ദ്വാരം ഉണ്ടാക്കുക.

മുന്തിരിത്തോട്ടത്തിന്റെ മതിൽ

മതിലിന്റെ ഭാഗം വെള്ള കടലാസുകൊണ്ട് പൊതിയുക. ഇലകൾക്ക് വേണ്ടി പച്ച നിറം നിങ്ങളുടെ കൈകൾ കൊണ്ട് പതിപ്പിക്കുക. മുന്തിരി പതിപ്പിക്കുവാൻ കാരറ്റുപോലെ വൃത്തത്തിലുള്ള എന്തെങ്കിലും വസ്തുക്കൾ ഉപയോഗിക്കുക. മുന്തിരിചെടിയുടെ തണ്ടിനായ് പുറത്ത് നിന്ന് ചെറിയ കമ്പുകൾ(വടികൾ) ശേഖരിക്കുക. പിന്നീട് തണ്ടിന് വേണ്ടി ചെറിയ ചുരുണ്ട വളവുകൾ പോലെ വരക്കുക.





കടലാസ് മരം

ഒരു മരത്തിന്റെ തടിയുടെയും കമ്പുകളുടെയും മുലയ്ക്ക് ബ്രൌൺ പേപ്പർ ഒട്ടിക്കുക. ഇലകൾ ഉണ്ടാക്കുവാൻ റ്റിഷ്യൂ പേപ്പറോ ക്രേപ്പ് പേപ്പർ അക്കോഡിയന്റെ മടക്കുകൾ പോലെ മടക്കി മദ്ധ്യഭാഗത്തേക്ക് പോലെ മുനകൾ ഉണ്ടാകത്തക്ക വിധം അഗ്രഭാഗങ്ങൾ മുറിക്കുക. ഒരു കൂട്ടം ആയി രൂപപ്പെടുത്തുന്നതിന് ഇലകൾ വിടർത്തി സ്ഥാനത്ത് ടേപ്പ് കൊണ്ട് ഒട്ടിക്കുക.

കളപ്പുര മതിൽ

കാണിച്ചിരിക്കുന്നത് പോലെ മതിൽ ചുവന്ന കടലാസ് കൊണ്ട് മൂടി വെള്ളക്കടലാസിലുള്ള വരകളിന്മേൽ ഒട്ടിക്കുക.

കടലാസ് മുന്തിരി

പർപ്പിൾ നിറമുള്ള വരയുള്ള ചെറിയ കടലാസ് വൃത്താകൃതിയിൽ ഒട്ടിക്കുക. വൃത്തങ്ങൾ ഒന്നായി ഒട്ടിച്ച് ചേർക്കുക. ഒരു കടലാസ് ഇലകൊണ്ട് മുന്തിരിക്കുലകൾ ഒരു ചരടിൽ ഒട്ടിക്കുക. ക്ലോത്ത്സ് ലയിനിലോ കയറിലോ കൂടുതലായി ചേർത്ത് വക്കുക.

ഭിത്തിയിലെ കാഴ്ചകൾ

സ്വിം നൂഡിൽ കൊണ്ടുള്ള കുതിരകളെ ഭിത്തിയിൽ വച്ച് അതിനുമുൻപിൽ കാർഡ്ബോർഡ് കൊണ്ട് ഒരു മതിൽ ഉണ്ടാക്കുക.








ആക്റ്റിവിറ്റി ഡൈസ്

2 പേപ്പർ ക്യൂബുകൾ ഉണ്ടാക്കുക. ഒരെണ്ണത്തിന്മേൽ ഇതുപോലെ പ്രവർത്തിക്കുക. ഇതുപോലെ ശബ്ദം ഉണ്ടാക്കി ഇതുപോലെ നടക്കുക. ഇതുപോലെ ഓടുക. തുടങ്ങിയവ എഴുതുക. മറ്റെ ക്യൂബിൽ ഒരു പശു, ഒരു കുതിര, ഒരു കോഴി തുടങ്ങിയവയും എഴുതുക. ഒരു ഡൈസ് ഉരുട്ടി കുട്ടികൾ അതിൽ വരുന്ന പ്രവർത്തികൾ ചെയ്യട്ടെ!

തോട്ടം/കൃഷിത്തോട്ടം

കാണിച്ചിരിക്കുന്നതുപോലെ കടലാസ് കൊണ്ട് ഒരു തോട്ടം ഉണ്ടാക്കി സഭാഹാളിന്റെ മതിലിന്മേൽ തൂക്കുക.

മൃഗങ്ങളുടെ രീതിയിലുള്ള വിൻഡ് പൈപ്പുകൾ

ഒരു റ്റൂബിൽ ഒരു കഷണം നിറമുള്ള കടലാസ് ഒട്ടിക്കുക. ആ കടലാസിൽ നിന്ന് തന്നെ ഒരു മുഖവും മടക്കിയ വിധത്തിലുള്ള കാലുകൾക്ക് വേണ്ടി നീളത്തിലുള്ള കഷണങ്ങളും ചിത്രത്തിലുള്ളത് പോലെ മുറിക്കുക. മുഖത്തുള്ളവയിലും കാലുകളിന്മേലും ഒട്ടിക്കുക. ഒരു റിബണോ ചരടോ തൂക്കിയിടത്തക്ക വിധം മുകളിൽ ചേർത്തുവക്കുക.




# പാഠം 1

## തലവാചകം 1

**ഞാൻ വിശ്വസിക്കാൻ തിരഞ്ഞെടുക്കുന്നു**


ബൈബിൾ കഥ: പത്രോസ് യേശുവിനെ തിരിച്ചറിയുന്നു

മത്തായി 16:13-20

## വാക്യം 1

“തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു” യോഹന്നാൻ 3:16

## കൌശലം 1



തലക്കെട്ടുകളോടു കൂടിയ നാല് ലക്ഷ്യങ്ങൾ ചര്ച്ചിന്റെ (സഭാഹോളിന്റെ) ചുറ്റും ഒരുക്കി വയ്ക്കുക . ആ നാല് തലക്കെട്ടുകൾ ഇതാണ് യേശുക്രിസ്തു, പണം, പ്രശസ്തി, ജനപ്രീതി. കുട്ടികൾ കാണാത്തവിധത്തിലും ഏതാണ് ഉള്ളിലുള്ളതെന്ന് അദ്ധ്യാപകർ അറിയാത്തവിധത്തിലും ആ തലക്കെട്ടുകൾ മൂടിവയ്ക്കുക പഠന സമയത്ത് എല്ലാ അദ്ധ്യാപകരും മുന്പിലേക്ക് വന്ന് ലക്ഷ്യങ്ങളായി വച്ചിട്ടുള്ള ഇതിലേക്ക് റീസൈക്കിൾ ചെയ്ത പേപ്പർ ബോര്ഡുകകളോ റബ്ബർ ബാൻഡോ എറിവാൻ ആവശ്യപ്പെടുക. ആദ്യം അദ്ധ്യാപകർ വന്ന് ആ ലക്ഷ്യങ്ങളിലേക്ക് ഷൂട്ട് ചെയ്ത് കാണിക്കുകയും ആ നാല് ലക്ഷ്യങ്ങളിൽ ഒന്നിലേക്ക് ഷൂട്ട് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്യുക. ഏതു ലക്ഷ്യത്തിലാണ് യേശുക്രിസ്തു എന്നുള്ളത് എന്ന് അവരോടു പറയരുത്.

## പ്രധാന പാഠം 1



നാം “കൃഷി ഭൂമിയിലേക്ക് പോവുക!” എന്ന ഈ അവധിക്കാല വേദപഠനത്തിലേക്ക് സ്വാഗതം.

നമ്മുടെ ഈ കൃഷി ഭൂമിയിൽ ഈ ആഴ്ചത്തെ ബൈബിൾ പാഠങ്ങള്ക്ക്  സഹായകമായി ഒരു മുന്തിരിത്തോട്ടം ഉണ്ട്. ബൈബിളിലെ യോഹന്നാന്റെ സുവിശേഷം അദ്ധ്യായം പതിനഞ്ചിൽ കാണുന്ന മുന്തിരിവള്ളിയും അതിന്റെ കൊമ്പുകളും എന്ന വിഷയം പഠിക്കുന്നതിനായി ഈ വി.ബി.എസ് ഏറെ പ്രത്യേകതയുള്ളതാണ്. ഈ അദ്ധ്യായത്തിൽ ഏറ്റവും പ്രധാനപ്പെട്ട വാക്യം

എന്താണെന്ന് നമുക്ക് നോക്കാം, "ഞാൻ മുന്തിരിവള്ളി ആകുന്നു". ആരാണ് ഇത് പ്രസ്താവിക്കുന്നത്??? യേശു!

അപ്പോൾ, ആരാണ് മുന്തിരിവള്ളി? യേശു!

ഒരു മുന്തിരി ചെടിയുടെ പ്രധാന ഭാഗം മുന്തിരിവള്ളിയാണ് അതിനു കാരണം അത് മണ്ണിൽ നിന്ന് വരുന്നതും വേരോട് കൂടിയതുമാണ്. യേശുക്രിസ്തു നമ്മുടെ ജീവിതത്തിലെ പ്രധാന ഭാഗവും (ശക്തമായ സാന്നിദ്ധ്യം) അവൻ ദൈവത്തിൽ ആഴമായി വേരൂന്നപ്പെട്ടവനുമാണ്.

യേശുവിനെക്കുറിച്ച് ഒരു വലിയ മനുഷ്യനായിരുന്നെന്നോ ഒരു പ്രവാചകനായിരുന്നെന്നോ ഒക്കെ നമുക്ക് ചുറ്റുമുള്ള ആളുകൾ സംസാരിക്കുന്നതായി കേട്ടേക്കാം. ചില സ്റ്റോറുകളിൽ(കടകളിൽ) യേശുവിന്റെ വിവിധ തരത്തിലുള്ള ചിത്രങ്ങളോ രൂപങ്ങളോ കണ്ടു എന്ന് വന്നേക്കാം. സുവിശേഷ വിഹിത സഭകളിൽ (ഇവാഞ്ചലിക്കൽ) അവസരം കിട്ടുമ്പോഴൊക്കെയും യേശുവിനെ ഗാനങ്ങളിലൂടെ പ്രകീര്ത്തി ക്കുകയും അവനോടു പ്രാര്ത്ഥിഴക്കുകയും നാം ചെയ്യാറുണ്ട്. എന്നാൽ ബൈബിളിൽ യേശുക്രിസ്തുവിനെക്കുറിച്ച് എന്താണ് പറയുന്നത് ? വാസ്തവത്തിൽ അവൻ ആരാണ്? നമ്മൾ യേശുവിനെക്കുറിച്ച് എന്ത് വിശ്വസിക്കുന്നു?

ദൈവവചനം പറയുന്നത്...

- മനുഷ്യനായി ജീവിക്കുവാൻ ഭൂമിയിലേക്ക് വന്ന ദൈവപുത്രനാണ് യേശുക്രിസ്തു.
- പാപം ചെയ്യാതെ പരിശുദ്ധ ജീവിതം നയിച്ച് നമ്മുടെ പാപങ്ങള്ക്ക് വിലയായി യേശു തന്റെ ജീവനെ വെടിഞ്ഞു.
- യേശു ഉയര്ത്തെ ഴുന്നേറ്റു ഇന്ന് സ്വര്ഗ്ഗ്ത്തിൽ ജീവിക്കുന്നു.
- അവനിൽ വിശ്വസിക്കുവാൻ യേശു നമ്മോടു ആവശ്യപ്പെടുന്നു.
- നിത്യജീവൻ യേശു നമുക്ക് വാഗ്ദാനം ചെയ്യുന്നു.
- യോഹന്നാൻ അദ്ധ്യായം പതിനഞ്ചിൽ യേശു മുന്തിരിവള്ളിയാണ് .

ഇന്നത്തെ വാക്യം അത് വ്യക്തമായി വിശദീകരിക്കുന്നു:

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുംവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു". യോഹന്നാൻ 3:16

കൌശലം(ട്രിക്ക്)

ഭിത്തിയിലെ എല്ലാ ലക്ഷ്യങ്ങളിലേക്കും(റ്റാര്ജെറ്റിലേക്കും) നമുക്ക് നോക്കാം. മദ്ധ്യഭാഗത്ത് കൊള്ളത്തക്കവിധം ലക്ഷ്യത്തിലേക്ക് ഉന്നം വെച്ച് എറിയുവാൻ അദ്ധ്യാപകർ മുന്നോട്ടു വരുവാൻ ഞാൻ ആവശ്യപ്പെടുന്നു. ഏത് അദ്ധ്യാപകനാണ് ലക്ഷ്യത്തിന്റെ മദ്ധ്യഭാഗത്തിന്റെ അടുത്തെത്തുന്നതുവരെ എറിയുന്നതെന്നു കുറിച്ചെടുക്കുകയും ശബ്ദാരവങ്ങളോടെ അവരെ കുട്ടികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യട്ടെ. എല്ലാ അദ്ധ്യാപകരും എറിഞ്ഞു കഴിഞ്ഞ് അതിന്റെ തലവാചകങ്ങളിലെ

മൂടിവച്ച ഭാഗം നീക്കുക. എന്നാൽ അവർ എന്താണ് ലക്ഷ്യമാക്കിയത് കൃത്യമായി ലക്ഷ്യം തെറ്റാതെ റ്റാര്ജെറ്റിന്റെ മദ്ധ്യഭാഗത്ത് തെറ്റായ ലക്ഷ്യത്തിൽ എറിഞ്ഞ അദ്ധ്യാപകരുണ്ട്. തെറ്റായ ലക്ഷ്യത്തിലാണ് എറിഞ്ഞിട്ടുള്ളതെങ്കിൽ അത് നമുക്ക് പ്രയോജനമായി തീരുന്നില്ല. എന്നാൽ തെറ്റായ ലക്ഷ്യത്തിലാണ് നാം എറിഞ്ഞു കൊള്ളിക്കുന്നതെന്ന് അറിയാതെ പ്രശസ്തിയുടെ റ്റാര്ജെറ്റിൽ കൊള്ളിക്കുന്നത് അനായാസമായ കാര്യമാണ്. യേശുവാണ് നമ്മുടെ ലക്ഷ്യം അവനുമായി ചേര്ന്നുള്ള ജീവിതം നയിക്കാൻ നാം ആഗ്രഹിച്ച് നമുക്ക് ജലവും ഭക്ഷണവും ലഭിക്കുന്ന വേരുമായി ബന്ധപ്പെട്ട് ആയിരിക്കുവാൻ നാം ആഗ്രഹിക്കുകയും ചെയ്യുക. നിങ്ങളുടെ ഷോട്സ് കൃത്യസ്ഥാനത്ത് ആയിരിക്കേണ്ടതിന് യേശുവിൽ തന്നെ ലക്ഷ്യം വയ്ക്കുക.

യേശു ഒരു ഭൂത കാലത്തിന്റെ ഓര്മ്മയല്ല, അവൻ ഇന്നും ജീവിക്കുന്നവനാണ്. അവൻ ഒരു പ്രത്യേക വ്യക്തിത്വമോ പ്രവാചകനോ അല്ല. അവൻ ദൈവപുത്രൻ ആയിരുന്നുവെന്നും ഇന്ന് ആയിരിക്കുന്നവനും ആണ്. പത്രോസ് വിശ്വസിച്ചതുപോലെ യേശുവിനെ വിശ്വസിക്കാൻ ഇന്ന് നാഥൻ ആവശ്യപ്പെടുന്നു. പത്രോസിനെ പിന്നീട് കാണുവാൻ അവസരമുണ്ട്. കാരണം താനിന്നു നമ്മെ സന്ദര്ശിക്കുവാൻ വരുന്നുണ്ട്. പത്രോസിനെപ്പോലെ നാഥനെ വിശ്വസിക്കുന്നത് നമുക്ക് തിരഞ്ഞെടുക്കാം.

## ഭ്രമണ കേന്ദ്രങ്ങൾ 1

### സിലോ (നിലവറ) ക്ലാസ് 1

### ചോദ്യങ്ങളും ഉത്തരങ്ങളും :




1. ദൈവത്തെ വിശ്വസിക്കുന്നതിനുള്ള പ്രതിഫലങ്ങൾ സഹപാഠികളോട് സൂചിപ്പിക്കുക.

അത് ബൈബിൾ കഥകൾ അറിയുന്നത് മാത്രമല്ല, ബൈബിളിലെ കര്ത്താ വിനെ അറിയുക എന്നതും ഭൂതകാലത്തിന്റെ ഓര്മ്മ ആയല്ല എന്നും ജീവിക്കുന്ന യേശുവായി മനസ്സിലാക്കുന്നതും ആണ്. നമ്മൾ വിശ്വസിക്കുന്നു എന്ന് ചിലപ്പോൾ നാം പറഞ്ഞേക്കാം എന്നാൽ ദൈവം നമ്മോടു സംസാരിക്കുന്ന മാര്ഗ്ഗം ഏതെന്നും എപ്പോൾ ആണെന്നും നമുക്ക് ഉറപ്പില്ല എന്നതത്രേ. നമുക്ക് നിത്യജീവൻ ഉണ്ടെന്നതാണ് നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം.

2. യേശു എവിടെ നിന്ന് വന്നു എന്നുള്ളതിൽ എന്താണ് നിങ്ങൾ വിശ്വസിക്കുന്നത്? അത് പാരമ്പര്യത്തിൽ നിന്നോ, പ്രഭാഷകനോ അദ്ധ്യാപകനോ, പറഞ്ഞതോ ആയ ദൈവവുമായുള്ള വ്യക്തിപരമായ അനുഭവത്തിൽ നിന്നോ?

ദു:ഖത്തോടെ പറയട്ടെ നമ്മുടെ സഭയിൽ വന്നുപോകുന്ന വിദ്യാർത്ഥികളിൽ അനേകരും ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് പറയാറുണ്ട്. അത് വ്യക്തിപരമായി യേശുക്രിസ്തുവിനോട് ബന്ധമുള്ളതുകൊണ്ടല്ല അങ്ങനെ പറയുന്നത് അനേക അവസരങ്ങൾ ആത്മീകരെന്നു ഭാവിക്കുന്ന (പാരമ്പര്യം) മറ്റുള്ളവര്ക്കൊപ്പം നാം

ആയിരിക്കുമ്പോൾ ക്രിസ്ത്യാനി ആകുവാൻ എളുപ്പമാണ്. തെരിവുകളിലും ജോലിസ്ഥലത്തും സ്കൂളുകളിലും നാം പോകുന്ന എല്ലായിടങ്ങളിലും നമ്മുടെ പ്രവൃത്തി എങ്ങനെ ഉള്ളതാണെന്ന് പ്രധാനമായി കാണേണ്ടതാണ്. ഈ സ്ഥലങ്ങളിൽ നമ്മുടെ ജീവിതത്തിനാവശ്യമായ വലിയ പാഠങ്ങൾ ദൈവം നമ്മെ അഭ്യസിപ്പിക്കുന്നു. യേശു നമ്മിൽ വാസ്തവത്തിൽ ആകുന്നതുപോലെ വാക്കുകൾ അല്ല വസ്തുതകൾ ഇവിടെ നിന്നാണ് നാം അഭ്യസിക്കുന്നത്.

3. വ്യക്തിപരമായും യേശുവിനെക്കുറിച്ച് നിങ്ങൾ എന്താണ് വിശ്വസിക്കുന്നത്?

ഏറ്റവും പ്രധാന വിഷയം വ്യക്തിപരമായി അവനെക്കുറിച്ചുള്ള അറിവ് ലഭിച്ചിട്ട് അവൻ നിങ്ങളുടെ രക്ഷകൻ ആണെന്ന് വിശ്വസിക്കുന്നതാണ് അല്ലാതെ നിങ്ങള്ക്ക് പറ്റിയ ഒരു മതത്തെ അന്വേഷിക്കുന്നതല്ല.





1.ആരാണ് ജീവൻ ?
1.യേശു
2.നമ്മൾ
3.നിങ്ങൾ

2. എന്തിനാണ് യേശു തന്റെ ജീവൻ ക്രൂശിൽ വെടിഞ്ഞത് ?
1.ദൈവം അവനെ ഉപേക്ഷിച്ചതിനാൽ
2.അവനു ശത്രുക്കൾ ഉണ്ടായിരുന്നതിനാൽ
3.നിത്യജീവൻ നമുക്ക് നൽകാൻ

3.യേശു പാപം ചെയ്തിട്ടുണ്ടോ?
1.ചിലപ്പോൾ
2.അറിയില്ല
3.ഇല്ല.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 9 | 1 | 2 | 7 | 4 | 5 | 8 | | | |
| | | 4 | 3 | 2 | 4 | 5 | 3 | 6 | 7 | 8 | | |
| | 8 | 5 | 6 | 5 | 9 | 1 | 2 | 9 | 1 | 9 | 1 | |
| 8 | 7 | 6 | 9 | 1 | 8 | 7 | 6 | 1 | 2 | 3 | 4 | 5 |
| 9 | 9 | 7 | 5 | 6 | 7 | 9 | 4 | 8 | 3 | 1 | 7 | 6 |
| 1 | 2 | 3 | 4 | 8 | 4 | 6 | 5 | 4 | 3 | 5 | 9 | 7 |
| 5 | 4 | 2 | 3 | 2 | 3 | 7 | 2 | 1 | 2 | 1 | 9 | 8 |
| 7 | 6 | 5 | 4 | 1 | 9 | 8 | 9 | 8 | 7 | 6 | 2 | 1 |
| 8 | 9 | 3 | 5 | 6 | 1 | 7 | 3 | 6 | 5 | 7 | 3 | 2 |
| | 1 | 2 | 3 | 4 | 9 | 1 | 2 | 3 | 4 | 5 | 1 | |
| | | 3 | 4 | 9 | 8 | 2 | 4 | 8 | 7 | 6 | | |
| | | | 5 | 6 | 7 | 1 | 5 | 9 | 1 | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പൂ | സ്തു | ക്രി | ക്ല | ദൈ | ആ | കള | യേ | ശു | പൂ |
| ൻ | വീ | ൻ | ത്ര | ര് | യേ | സ് | ത്രോ | പ | സ് |
| ക | കള | സി | ശ്വ | വി | തി | ഗ | വീ | ട്ടാ | ദൈ |
| സ് | ശ്വ | വം | സ്തു | ശ്വ | ക | കു | സ്തു | ള | വം |
| പു | ഗ | ത്ര | പൂ | സ് | വീ | ക്രി | തി | ക്കാ | ദൈ |
| ത്ര | ഫാം | ക്ല | വ | ര് | ഞ്ഞ് | വം | ക | ര | ക്ല |
| ൻ | കള | യേ | ൻ | ക്രി | ശ്വ | സ് | പൂ | ൻ | ൻ |
| ശ്വ | സൈ | നി | കോ | ദ്യോ | ഗ | സ്ഥ | ൻ | ക്ല | ശ്വ |
| തി | സ്തു | വം | ഴി | പു | ശ്വ | ത്ര | ഗ | ര് | ബ് |

## പത്രോസുമൊത്തൊരു വിനോദ യാത്ര 1

### സ്ലാക്കുകളിൽ നിന്ന് ഉണ്ടാക്കുന്ന കുരിശ്



ചേരുവകൾ:

- സ്കുവറിനു വേണ്ടിയുള്ള രണ്ടു ചോപ്പ് സ്റ്റിക്കുകൾ ഒരു പ്ലേറ്റിൽ ഓരോ കുട്ടികള്ക്ക് വീതം
- വൃത്താകൃതിയിലുള്ള പോട്ടാറ്റോ ചിപ്സുകൾ, ചോക്ലേറ്റുകൾ, മുന്തിരി.

നിര്ദ്ദേശങ്ങൾ:

- ഓരോ കുട്ടിക്കും ചെറുതും വലുതുമായ ഓരോ ചോക്ക് സ്റ്റിക്കുകൾ നല്കുക.
- കുരിശു രൂപത്തിൽ വരത്തക്കവണ്ണം ലഘുഭക്ഷണം എടുത്ത് ആദ്യത്തേത് നീളമുള്ളതും പിന്നത്തേത് നീളം കുറഞ്ഞതുമായി ആഴത്തിൽ ഇറക്കിവയ്ക്കുവാൻ അനുവദിക്കുക.
- മറ്റൊരു ഓപ്ഷൻ ലഘുഭക്ഷണം വച്ചിട്ടുള്ള പ്ലേറ്റ് ഓരോ കുട്ടിക്കും നല്കിം ഒരു കുരിശു രൂപം രൂപപ്പെടുത്തുവാൻ അവരോടു പറയുക.
- നമുക്ക് ഭക്ഷിക്കാം!

### പത്രോസുമൊത്തൊരു നാടകം:

പത്രോസ് യേശുവിനെ തിരിച്ചറിയുന്നു

മത്തായി 16: 13-20




രംഗം: പത്രോസ് വെബ് പേജുകളിൽ പ്രത്യേക വൈദഗ്ധ്യം ഉള്ള ഒരു കമ്പ്യൂട്ടർ വിദഗ്ധനായി പരിചയപ്പെടുത്തി തന്റെ ഏറ്റവും അടുത്ത കൂട്ടുകാരുമൊത്ത് മോളിൽ നിന്ന് വരുന്നു എന്ന് തന്നെത്തന്നെ പരിചയപ്പെടുത്തുന്നു. അവന്റെ കൂട്ടുകാർ സ്റ്റേഡിയത്തിൽ നടന്ന ഒരു വലിയ സഭാ കോണ്ഫ്രെ സിൽ നിന്നെത്തി അവിടത്തെ അതിഥി പ്രസംഗകൻ യേശുക്രിസ്തു (പ്രശസ്ത സുവിശേഷകൻ) ആയിരുന്നു. ആ സമ്മേളനത്തിനു ശേഷം പത്രോസ് അവന്റെ പാസ്റ്ററോടും തന്റെ കൂട്ടുകാരോടുമൊത്ത് റെസ്റ്റോറന്റിലേക്ക് ക്ഷണിച്ചു.

- ഭക്ഷണമെത്തുന്നതിനു മുമ്പ് പത്രോസേ എനിക്കൊരു കാര്യം ചോദിക്കാനുണ്ടെന്നു യേശു പറഞ്ഞു. എന്റെ പ്രിയപ്പെട്ട കൂട്ടുകാരെ എന്നെക്കുറിച്ച് എന്താണ് ചിന്തിക്കുന്നത്?'' പത്രോസ് ആധുനിക രീതിയിൽ മറുപടി നല്കി. ചിലർ പറയുന്നു നീ നവ ഭക്ത സിംഗ് ആണെന്ന് മറ്റുള്ളവർ പറയുന്നു നീ രാജ്യത്തിന്റെ അടുത്ത പ്രസിഡന്റ് ആകാൻ പോകുന്ന ആളാണെന്നു ചിന്തിക്കുന്നു. മറ്റു പലരും പറയുന്നു നീ അടുത്ത സ്റ്റീഫെൻ ടോന്ഗ, അയോ

ഒരിട്ട്സ് ജാഫ്ഫെർ, കൊന്ഗ് ഹീ, മാത്യൂ അഷിമോലോവോ, ഡേവിഡ് യോന്ഗ്ഗി ച്ചോ, ചാള്സ് സ്റ്റാന്ലി, മുതലാവർ (നിങ്ങള്ക്ക് നിങ്ങളുടെ രാജ്യത്ത് ഉള്ളൊരു പ്രശസ്ത പ്രസംഗകന്റെ പേര് ഉള്പ്പെടുത്തി നാടകത്തിൽ ഒരാധുനിക പരിവേഷം നല്കാം).

- അപ്പോൾ യേശു നേരിട്ട് പത്രോസിനോട് ചോദിച്ചു, നീ എന്നെ ആരെന്നു പറയുന്നു എന്നെക്കുറിച്ച് എന്ത് ചിന്തിക്കുന്നു?
- അവൻ നേരിട്ട് ഉത്തരം കൊടുക്കേണ്ടി വന്നതിനാൽ പത്രോസ് തന്റെ ഫോണെടുത്ത് കൂട്ടുകാര്ക്ക് സന്ദേശം അയച്ച് യേശു ആരാണ്? എന്ന് ചോദിക്കുന്നു
- പെട്ടെന്ന് അവന്റെ ഹൃദയത്തിലും ആത്മാവിലും എന്തോ ചിന്തിച്ചു കൊണ്ട് ദൈവത്തിൽ നിന്നുള്ള പ്രതികരണമായി ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണ് എന്ന് യേശുവിനു മറുപടി നല്കി.
- അവന്റെ കൂട്ടുകാരിൽ നിന്നുള്ള ഫോൺ സന്ദേശങ്ങളിൽ നിന്നല്ല സ്വര്ഗ്ഗസ്ഥനായ ദൈവത്തിൽ നിന്ന് നേരിട്ടാണ് നിനക്കറിയാൻ കഴിഞ്ഞതെന്ന് യേശു പത്രോസിനോട് പറഞ്ഞു.
- യേശുവും പത്രോസും ഭക്ഷണം കഴിച്ചതിനുശേഷം എഴുന്നേറ്റു പുറത്തിറങ്ങി (നിങ്ങളുടെ സ്ഥലത്തുള്ള ഒരു പ്രത്യേക ഭക്ഷണത്തിന്റെ പേര് പറയുക).

ഞാൻ ആരാണെന്നുള്ളതിന് വാട്സ് ആപ് സന്ദേശങ്ങളോ ഈ മെയിലോ ഒന്നും അയക്കേണ്ട എന്ന് പത്രോസിനോട് യേശു പറഞ്ഞു. സൗഹൃദപരമായ സംഭാഷണത്തോടുകൂടി യേശുവിനെ വിട്ട് പത്രോസ് പോകുന്നതോടെ രംഗം അവസാനിക്കുന്നു.

## കളപ്പുര കരകൌശലങ്ങൾ 1

### കുതിര പാവ



1. കുതിരയുടെ രൂപത്തിൽ ടെമ്പ്ലേറ്റ് മുറിക്കുക
2. വൃത്തങ്ങളുടെ ഭാഗങ്ങൾ മുറിച്ചു മാറ്റുക
3. നിങ്ങള്ക്ക് ഇഷ്ടമുള്ള നിറം നല്കുക
4. ചലിക്കുന്ന കണ്ണ് ഒട്ടിച്ചുവെച്ച് ഒരു മാര്കെർ പേന കൊണ്ട് കുതിരയുടെ വായ് വരയ്ക്കുക.
5. ചണനൂൽ 3cm വീതമുള്ള 6 കഷണങ്ങൾ 10cm വീതമുള്ള 4 കഷണങ്ങളുമായി മുറിക്കുക.
6. 3cm മുറിച്ച ചണചരട് കുതിരയുടെ കഴുത്തിൽ ഒട്ടിക്കുക.
7. കുതിരയുടെ വാലിനുവേണ്ടി 10cm മുറിച്ച ചണനൂൽ കഷണമെടുത്ത് ചെറിയ ദ്വാരത്തിലിട്ടു കുരിക്കിട്ടു വിടുക.


### ഹസ്തദാനം ചലനാത്മകമായി



ദിവസം 1: അടിസ്ഥാനപരമായ
സാധാരണ അഭിവാദനം
വിരല്കൊണ്ട് ചുറ്റുന്നത്
കൈകൾ തെന്നി നീക്കുന്നത്
കൈകൾ പിന്പോട്ട് വലിക്കുമ്പോൾ വിരലെടുക്കുന്നത്.

## മുന്തിരിത്തോട്ട കളികൾ 1

### ചൂൽ കൊണ്ട് ഹോക്കി കളി






ഈ കളി കളിക്കുന്നതിനു 2 ചൂലുകളും ഒരു പന്തും ആവശ്യമാണ്. 2 ഗോളുകൾ അടയാളപ്പെടുത്തണം(ഗോൾ പോസ്റ്റുകൾ). 2 ടീമുകളെ നിരയായി നിര്ത്തി ഒരാൾ മുമ്പിൽ വരത്തക്കവണ്ണം ക്രമീകരിച്ച് ഓരോ കളിക്കാരനും ഓരോ നമ്പർ നല്കുക. ഈ ടീമിൽ പങ്കെടുക്കുന്നവര്ക്ക് ഒരേ നമ്പർ ആയിരിക്കണം. പന്തും ചൂലും കളിക്കളത്തിന്റെ മദ്ധ്യഭാഗത്ത് വയ്ക്കണം. അദ്ധ്യാപകൻ ഒരു നമ്പർ പറയുമ്പോൾ ഓരോ ടീമിലും ആ നമ്പർ ഉള്ള കുട്ടി വേഗത്തിൽ ഓടി ചൂൽ കൊണ്ട് എതിർ വശത്തെ ഗോൾ പോസ്റ്റിലേക്ക് പന്ത് എത്തിക്കാൻ ശ്രമിക്കണം. പന്ത് കാല്കൊണ്ടു തൊടാതെ ചൂലുകൊണ്ട് മാത്രം മുന്നോട്ട് നീക്കണം. ഗോൾ ലഭിക്കുമ്പോൾ ചൂലും പന്തും വീണ്ടും കളിക്കളത്തിന്റെ മദ്ധ്യഭാഗത്ത് കൊണ്ട് വയ്ക്കണം. കൂടുതൽ ഗോളുകൾ ലഭിക്കുന്ന ടീം വിജയി ആകും.

## സംഗീതവും പാവകളിയും കൊണ്ട് അവസാനിപ്പിക്കുന്നു 1



കോഴി: ഹലോ കുതിരേ!
കുതിര: ഞാൻ വിശ്വസിക്കണം; ഞാൻ വിശ്വസിക്കണം
(സ്റ്റേജിലൂടെ വേഗത്തിൽ നിര്ത്താതെ കടന്നുപോകുന്നു)
കോഴി: ഹേയ് കുതിരേ! നിങ്ങൾ ആൺകുട്ടികളും പെൺകുട്ടികളും ഒത്ത് വി.ബി.എസിൽ ഉണ്ട്. ഹലോ കുട്ടികളെ (കുട്ടികളെ അഭിവാദനം ചെയ്യാൻ വേണ്ടി അവരുടെ അടുത്തേക്ക് പോകുന്നു).
കുതിര: ഓ!ഓ! ഹലോ കോഴി, എല്ലാവരോടും ഹലോ, എന്നോട് ക്ഷമിക്കുക ഞാൻ അല്പം ധൃതിയിൽ ആണ്. (തലയിൽ ഫ്രയിംഗ് പാൻ വച്ചുകൊണ്ട് രംഗം വിട്ടു പിന്മാറുന്നു).
കോഴി: ഹേയ്! നിങ്ങളുടെ തലയിൽ പാൻ വച്ചുകൊണ്ട് നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്?
കുതിര: യേശു ദൈവപുത്രനാണെന്ന് യഥാർത്ഥത്തിൽ എന്റെ മനസ്സിൽ വിശ്വസിക്കുന്നോ എന്ന് അറിയുന്ന ഒരു യന്ത്രമുണ്ടാക്കാൻ പോവുകയാണ്.

കോഴി: എന്തിനാണത്?

കുതിര: ഞാൻ ബൈബിളിൽ തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3: 16)... വായിച്ചു എന്റെ തലച്ചോറ് വിശ്വസിക്കുന്നുവോ എന്ന് എനിക്ക് ഉറപ്പാക്കണം, എനിക്ക് മരിക്കാൻ ആഗ്രഹമില്ല.

കോഴി: നമ്മൾ കാണാത്ത അനേക കാര്യങ്ങൾ നാം വിശ്വസിക്കുന്നു. ഉദാഹരണത്തിന്, ചന്ദ്രനിൽ പാറ ഉണ്ടെന്നു നാം വിശ്വസിക്കുന്നു. നാം അവിടെ പോയിട്ടില്ല., ദൈവത്തിന്റെ കാര്യത്തിലും അങ്ങനെയാണ്. നമുക്കവനെ കാണാൻ കഴിയുന്നില്ലെങ്കിലും അവൻ യഥാവാണെന്നും അവൻ നമ്മെ സ്നേഹിക്കുന്നു എന്നും നാം വിശ്വസിക്കുന്നു. ഇത് വിശ്വസിക്കുന്നതാണ്. രക്ഷയുടെ ഒന്നാമത്തെ പടി നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

കുതിര: തീർച്ചയായും, യേശു എന്റെ രക്ഷകനാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്നാൽ ഓ...ഓ...ഓ... ഞാനിപ്പോൾ ചില പവർ കേബിളുകൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

കോഴി: പവർ കേബിളുകളോ? എന്തിന്?

കുതിര: ആദ്യം അതിശക്തമായൊരു വൈദ്യുതാഘാതം മുയലിന്മേൽ പരീക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഊപ്സ്!

# പാഠം-2

## തലവാചകം 2

**ഞാൻ മാറാൻ(മാറുവാൻ) തീരുമാനിക്കുന്നു**

പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു

മത്തായി 26:69-75

## വാക്യം 2

ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, റോമർ 3:23

## കൌശലം 2

ഒരേ രീതിയിലുള്ള 2 വലിയ പത്രം ഇതിനു ആവശ്യമാണ്. ഇതിനുവേണ്ടി ഒരേ ദിവസത്തിലെ 2 പത്രങ്ങൾ വാങ്ങി നിങ്ങൾക്കിഷ്ടമുള്ള 2 പത്രങ്ങളിലേയും ഒരേ ഷീറ്റ് തന്നെ എടുക്കുക. ആദ്യം ഒന്ന് ശ്രമിച്ചുനോക്കാൻ വേണ്ടി ഇഷ്ടമില്ലാത്ത പേജുകൾ എടുത്താൽ ഉപയോഗിച്ചു കഴിഞ്ഞ പേജുകൾ കളയുവാൻ കഴിയും. അടുത്തതായി നിങ്ങളുടെ കൌശലം ഒരുക്കിയെടുക്കണം. നിങ്ങളുടെ ഒരു പത്രത്തിന്റെ പേജിൽ ഒരു രഹസ്യ കവർ ഉണ്ടാക്കുന്നതിനു പത്രത്തിന്റെ ഏതെങ്കിലും ഷീറ്റിന്റെ ഇമേജ്(ചിത്രം) ഉപയോഗിക്കുക. കുട്ടികൾ കാണാതിരിക്കുവാൻ തക്കവിധത്തിൽ കവർ ഉണ്ടാക്കുവാൻ പത്രത്തിന്മേൽ സുതാര്യമായ ടേപ്പ് ഉപയോഗിക്കുക. പത്രത്തിന്റെ ഒരേ രീതിയിലുള്ള മറ്റേ ഷീറ്റ് എടുത്തു കവറിന്റെ അകത്ത് കയറ്റിവയ്ക്കത്തക്കവിധം മടക്കുക. പാഠത്തിന്റെ സമയത്ത് നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രദ്ധിച്ച് നിങ്ങൾ പത്രത്തിന്റെ മുൻ പേര് കവറോ അകത്തുള്ള ഷീറ്റോ കീറാതെ ശ്രദ്ധയോടെ കീറിയെടുക്കുക. പിന്നീട് നിങ്ങൾ രണ്ടാമത്തെ ഷീറ്റ് പുറത്തെടുക്കുക. അപ്പോൾ അത് കീറാതെ ഇരിക്കുന്നത് ഒരു അത്ഭുതമായി തോന്നും. ഇത് സാധിക്കണമെങ്കിൽ നേരത്തെതന്നെ പലപ്രാവശ്യം പരിശീലിക്കേണ്ടിയിരിക്കുന്നു.




## പ്രധാന പാഠം 2

"നമുക്ക് കൃഷിത്തോട്ടത്തിലെക്ക് പോകാം"!!! എന്ന വി.ബി.എസിലേക്ക് വീണ്ടും സ്വാഗതം. നിങ്ങളിൽ മിക്കപേർക്കും ആരാണ് മുന്തിരിവള്ളി? എന്ന ചോദ്യത്തിനു യേശുവാണ് എന്ന ഉത്തരം അറിയാം



''ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു'' എന്ന വാക്യത്തിലെ പദപ്രയോഗം നമുക്ക് പഠിക്കാം. എന്താണ് കൊമ്പുകൾ? ഇലകളും ഫലങ്ങളും ഉള്ള മുന്തിരിവള്ളിയിൽ നിന്ന് വളർന്നുവരുന്ന ബലഹീനമായ ഭാഗമാണ് അവ. അതിനു വേരുകൾ ഇല്ല. പ്രധാന മുന്തിരിവള്ളിയിൽ നിന്നാണ് അതിനു വേണ്ട പോഷകങ്ങൾ ലഭിക്കുന്നത്. ആരാണീ കൊമ്പുകൾ??? നമ്മൾ! ഈ വാക്യം 12 ശിഷ്യന്മാരെയോ ബൈബിൾ കാലഘട്ടങ്ങളിലെ മറ്റുള്ളവരെയോ ഉദ്ദേശിച്ചല്ല പറയുന്നത്. എന്നെയും നിങ്ങളെയും കുറിച്ചാണ് യേശു സംസാരിക്കുന്നത്.- മനുഷ്യർ!

നമുക്കറിയാം ആരാണീ മനുഷ്യർ എന്ന്: നമുക്ക് ചുറ്റുമുള്ള സ്കൂളിൽ പോകുന്ന, മൂലക്കുള്ള ഗ്രോസറി കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കുന്ന, ഫാക്ടറികളിൽ പണിയെടുക്കുന്ന, വയലിലും ഓഫീസിലും നിങ്ങളുടെ അയൽവാസികളായും ഒക്കെയുള്ളവരാണ് അവർ. ഈ ഭൂലോകത്തിലുള്ള എല്ലാവരും മനുഷ്യരാണ്. ചിലർ നല്ല ആളുകളായും ചിലർ ചീത്ത ആളുകളായും കാണപ്പെടുന്നു. ചീത്ത ആളുകൾ മോഷ്ടിക്കയും ചതിക്കുകയും ചെയ്യുന്നവരായി കാണപ്പെടുമ്പോൾ നല്ലവരായവർ അവരുടെ ഗൃഹപാഠം നന്നായി ചെയ്യുന്നവരും സഭകളിൽ പങ്കെടുക്കുന്നവരും ആയി കാണപ്പെടുന്നു. എന്നാൽ മനുഷ്യരെക്കുറിച്ച് വേദപുസ്തകം എന്താണ് പറയുന്നത്?

ഇന്നത്തെ വാക്യം അതിനു നമ്മെ സഹായിക്കും.''എല്ലാവരും പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായിത്തീർന്നു. റോമ 3:23

ഇവിടെ നമ്മൾ വളരെ നല്ലവരല്ലെന്നു തോന്നിപ്പിക്കുന്നു.

എല്ലാവരും പാപം ചെയ്തുവെന്ന് ദൈവത്തിനു സ്പഷ്ടമായി അറിയാം. ജീവിതത്തിന്റെ പ്രത്യേക ചില സന്ദർഭങ്ങളിൽ നാം തെറ്റു ചെയ്യുന്നവരും തെറ്റുകാരുമാണ്. നമ്മുടെ തെറ്റായ സ്വഭാവ രീതിമൂലം ഒരു ശിക്ഷ നമ്മുടെമേൽ വന്നു. നാം മരണത്തിന് അർഹരായി അതാണ് ദൈവവചനം പറയുന്നത് ''പാപത്തിന്റെ ശമ്പളം മരണമത്രേ'' (റോമർ 6:23). എന്നാൽ ചരിത്രം ഇവിടെ അവസാനിക്കുന്നില്ല. നമ്മുടെ പാപങ്ങൾ അനുതപിച്ച് ദൈവത്തിങ്കലേക്ക് തിരിയുവാൻ യേശു ആവശ്യപ്പെടുന്നു. പാപം ചെയ്കയില്ല എന്ന തീരുമാനം കൈക്കൊണ്ട് അവനിലേക്ക് തിരിയുവാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നു. കൊമ്പു മുന്തിരി വള്ളിയുമായി ബന്ധപ്പെട്ടിരിക്കുന്നത് പോലെ അവനുമായി ബന്ധത്തിൽ ആയിരിക്കുവാൻ അവൻ നമ്മോട് പറയുന്നു.

### കൌശലം (ട്രിക്ക്) 2

പത്രത്തിലേക്ക് നോക്കുക. നല്ലവരായിരിക്കാൻ നാം ശ്രദ്ധിക്കുന്നു എന്നാൽ പാപത്തിൽ നാം അവസാനിപ്പിക്കുന്നു. (സംസാരിക്കുമ്പോൾ പത്രം കീറുവാൻ ആരംഭിക്കുക) ഈ പത്രം കീറിയതുപോലെ ഓരോ പാപവും നമ്മെ രണ്ടായി കീറിമുറിക്കുന്നു. എന്നാൽ യേശു നമ്മുടെ മുന്തിരിവള്ളി ആയതിനാൽ അവനു നമ്മെ ഒന്നിച്ച് ചേർക്കാൻ കഴിയും. (മറ്റു പത്രം തുറന്നിട്ട് അത് കീറിയിട്ടില്ലെന്നു കാണിക്കുക.)

- ഹൃദയത്തിൽ എല്ലാവരും മോശക്കാരാണ്.

- നമ്മുടെ തെറ്റായ ചിന്തകൾക്കും, വാക്കുകൾക്കും, പ്രവൃത്തികൾക്കും ശിക്ഷ നാം അർഹിക്കുന്നു.
- ദൈവത്തോട് തെറ്റുകൾ ഏറ്റു പറഞ്ഞു തെറ്റു ചെയ്യുന്നത് നിർത്തുക,
- നമുക്ക് യേശുവിനെ ആവശ്യമാണ്.
- യോഹ. അദ്ധ്യായം 15 ലെ പ്പോലെ നമ്മൾ കൊമ്പുകൾ ആണ്.

നാം വലിയ തെറ്റുകൾ വരുത്തിയാലും പാപത്തിൽ നിന്ന് വിടുവിക്കപ്പെട്ട് മാനസാന്തരപ്പെട്ട്, ശരിയായ കാര്യങ്ങൾ ചെയ്യുന്നത് പാത്രോസിനോടൊപ്പം നാം കാണുവാൻ പോകുന്നു. മാറ്റത്തിനായി നമുക്ക് തീരുമാനിക്കാം.

## ചുറ്റിത്തിരിയേണ്ട കേന്ദ്രങ്ങൾ 2

### സിലോ ക്ലാസ് 2

### ചോദ്യോത്തരങ്ങൾ

1. യേശുവിന്റെ ശിഷ്യനെന്നു സമ്മതിച്ചു കൊടുക്കുവാൻ പത്രോസിന്മേൽ സമ്മർദ്ദം ഉണ്ടായിരുന്നു. ക്രിസ്ത്യാനിയാണെന്ന് സമ്മതിച്ചു കൊടുക്കുവാൻ ഇന്ന് അതേ രീതിയിലുള്ള എന്ത് സമ്മർദ്ദങ്ങൾ ആണ് നിങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നത്?

ചിലപ്പോൾ പത്രോസിനു ഉണ്ടായതുപോലെ യേശുവിന്റെ യഥാർത്ഥ ശിഷ്യരായി അഭിനയിക്കാൻ നിർബന്ധിതരായി സഭയിൽ പോകുവാൻ കഴിയും എന്നാൽ ദൈവ വചന പ്രകാരം ജീവിക്കുന്നത് പ്രയാസമാണ്. പരസ്യമായി നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെന്ന് സംമാതിക്കുന്നതിന്റെ അർത്ഥം ന ഇങ്ങൾ തിരസ്കരണത്താൽ പരീക്ഷിക്കപ്പെടുന്നു എന്നും കൂട്ടുകാരിൽ നിന്നും കുടുംബത്തിൽ നിന്നും അവഗേളിക്കപ്പെടുകയും ലജ്ജിതരാകേണ്ടി വരികയും ചെയ്യും എന്നതാണ്. സമ്മർദ്ദങ്ങളിൽ നിലനില്ക്കുവാൻ വാസ്തവമായി നിങ്ങൾക്ക് കഴിയുമോ?

2. നിങ്ങൾ നിങ്ങളുടെ സഭയിലെ യോഗങ്ങളിലും പരിപാടികളിലും പങ്കെടുക്കാൻ തീരുമാനിക്കുകയും അവരുടെ പാർട്ടികളിൽ പങ്കെടുക്കാതിരിക്കയും ചെയ്യുമ്പോൾ നിങ്ങളുടെ കൂട്ടുകാരന് ഭ്രാന്തുപിടിക്കും. ദൈവത്തിനു ഇഷ്ടമല്ലാത്ത ഒരു സൗഹൃദം നിങ്ങൾക്കുണ്ടെങ്കിൽ അതിൽ നിന്ന് മാറുവാൻ എങ്ങനെ നിങ്ങൾക്ക് കഴിയും?


ദൈവം നമ്മോട് അവനുവേണ്ടി സൗഹൃദ ബന്ധങ്ങൾ ഉപേക്ഷിക്കാൻ ആവശ്യപ്പെടുമ്പോൾ പ്രത്യേകിച്ച് സാമൂഹ്യ പ്രവർത്തനങ്ങളിൽ നിന്ന് നിങ്ങളെ തടയുന്നവ, വിടുന്നതിനു നമുക്ക് വിലകൊടുക്കേണ്ടിവരും.

3. മാറ്റം വരുത്തുവാൻ യേശുവിനെ അനുവദിക്കാത്ത ഏത് പ്രവർത്തനങ്ങളാണ് നിങ്ങൾക്കായി മാറ്റി വച്ചിരിക്കുന്നത്?

യേശു പറഞ്ഞു, എന്നെ അനുഗമിക്കുക. പൂർണ്ണവും അവഗണിക്കാനാവാത്ത കീഴടങ്ങലിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നതിനാൽ ഇത് പ്രയാസമേറിയതത്രേ.

അതിന്റെ അർത്ഥം ജീവിതത്തിൽ ദൈവം മാറ്റങ്ങൾ വരുത്തുവാൻ ദൈവം ആവശ്യപ്പെടുമ്പോഴും മറ്റുള്ളവർ വേദനിക്കുകയും സങ്കീർണ്ണമാകുകയും ചെയ്യുമ്പോൾ പൂർണ്ണമായി യേശുവിനെ ആശ്രയിക്ക എന്നതാണ്.







നിങ്ങളെ വേദനിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നവരോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും?

നിങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തിയാൽ കൊള്ളാമെന്ന ആഗ്രഹിക്കുന്ന ഒരു സമയം. ഉദാഹരണം എന്റെ തെറ്റായ പ്രവർത്തനങ്ങൾക്ക് എന്റെ സഹോദരനെ കുറ്റപ്പെടുത്തുമ്പോൾ

നിങ്ങളുടെ ജീവിതത്തിൽ ചിലത് സംഭവിക്കുന്നതിന് നിങ്ങൾ ആഗ്രഹിക്കുന്നു.
ഉദാ: മറ്റൊരു രാജ്യത്തേക്കുള്ള യാത്ര

ഒരുവന് എങ്ങനെ മാറുവാൻ കഴിയും? അവന്റെയോ /അവളുടെയോ സ്വഭാവം

ഒരു ഗാനത്തില് എന്ത് മാറ്റം വരുത്തുവാന് കഴിയും? ശല്യപ്പെടുത്തൽ

ഒരു ചലച്ചിത്രത്തിൽ എന്ത് മാറ്റം വരുത്താൻ കഴിയും? മുതിർന്നവർക്കുള്ള ഭാഗങ്ങൾ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ശ് | യ | മാ | ശ | മോ | മോ | ശ്യം | രു | ഇ | ക | ശ് | ർന്ന് |
| ആ | യേ | ഇ | ക | പി | ന്യ | ത | ല | ആ | ഫ | ക്ഷ | ക |
| രു | വ | ക്ക | ഫ | ഞ്ഞ് | ശ് | ക | രു | വേ | പം | ന്യ | ത |
| ക്ഷ | ക | ശ്യം | പം | ക്ഷ | ശ് | യ | പി | മാ | ക്ക | ശ് | ത |
| ഞ്ഞ് | ആ | പം | പാ | ക | ഫ | യേ | ശി | ക്ഷ | ഞ്ഞ് | ക | മോ |
| വീ | ന്യ | രു | ത | മോ | യ | ഇ | വീ | ശ് | ശ്യം | ന്യ | ഇ |
| ക്ക | ശ് | അ | ന | ത | പി | ക്ക | ക | ന്യ | പം | കൊ | പി |
| യേ | ശ്യം | പി | മാ | ശി | യേ | ആ | രു | ഫ | ലം | ക്ഷ | ആ |

## പത്രോസിനൊപ്പം ഒരു ഉല്ലാസ യാത്ര 2

### പോപ്കോൺ കോൺ

ചേരുവകൾ:



- പോപ്കോൺ
- സെല്ലോഫേൻ പേപ്പർ ബാഗ് അല്ലെങ്കിൽ സുതാര്യമായ പ്ലാസ്റ്റിക് ബാഗ്
- 20cm x 2 cm സമചതുരത്തിലുള്ള ഗ്രീൻ പേപ്പർ
- ഒരു ചണനൂൽ കഷണം, ചരട്, നൂൽ, തവിട്ടു നിറത്തിലുള്ള ചരട്.

നിർദ്ദേശങ്ങൾ:

- ഓരോ വിദ്യാർത്ഥിക്കും ഒരു ചെറിയ ബാഗ്, പോപ്കോൺ, ഒരു കടലാസ് കഷണം, ഒരു കഷണം ചരട്
- ഒരു ചോളക്കതിരിന്റെ ആകൃതിയിൽ സുതാര്യമായ ബാഗിനുള്ളിൽ പോപ്കോൺ നിറയ്ക്കുക.
- നേരെയും മൂലക്ക് ഒരു കവർ പോലെ തോന്നത്തക്കവിധം സമചതുരത്തിലുള്ള കടലാസ് എടുത്ത് മൂന്ന് മൂലയും മദ്ധ്യഭാഗത്തു വരത്തക്കവണ്ണം പശകൊണ്ടോ ടേപ്പുകൊണ്ടോ ഒട്ടിക്കുക.
- നിങ്ങളുടെ പോപ്കോണിനെ കടലാസിന്റെ അകത്തേക്ക് തിരുകിയാൽ ചോളത്തിന്റെ അനിയർ പോലെ നില്ക്കും. ചോളത്തിന്റെ മദ്ധ്യഭാഗം ഒരു ചെറിയ ചരടുമായി ബന്ധിപ്പിക്കുക.
- ഇപ്പോൾ ചോളം കഴിക്കുന്നതിനു യോഗ്യമായി ലഭിക്കും!

### പത്രോസുമൊത്തൊരു നാടകം




പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു (മത്താ 26:69-75)

രംഗം: പത്രോസ് കമ്പുകൾക്കിടയിൽ ഒളിക്കുമ്പോൾ യേശു കയറുകളാൽ ബന്ധിക്കപ്പെട്ട് തലതാഴ്ത്തി പ്ലാറ്റ് ഫോമിന്റെ മറുവശത്ത് യേശു നില്ക്കുന്നു(യേശുവും മോബ്സ്റ്ററും പത്രോസിനെ വീക്ഷിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക.) യേശു രക്ഷപ്പെടാത്തവിധം ഒരു അക്രമി യേശുവിനെ കാത്തുകൊണ്ട് കടൽത്തീരത്ത് ക്യാമ്പ് ഫയറിനു അരികെ ഒരു ബിയറും കുടിച്ചുകൊണ്ട് ഇരിക്കുന്നു.

പത്രോസ് മേശയുടെ പിൻവശത്ത് സദസ്യരെ നോക്കി പിറുപിറുക്കുന്നു.

(മോബ്സ്റ്ററിൽ നിന്ന് ഒളിച്ചുനിന്നുകൊണ്ട് ആദ്യഭാഗത്തെ രംഗത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് പറയുന്നത് എളുപ്പമാണ്).

- നിങ്ങൾ രാവിലെ ഒരു വ്യാപാര സമുച്ചയത്തിൽ (പ്രാദേശികമായ ഒന്നിന്റെ പേര് പറയുക) ആയിരുന്നു എന്ന് പത്രോസ് എല്ലാവരോടും പറയുന്നു.
- പെട്ടെന്ന് ചില അക്രമികൾ എത്തി യേശുവിനെ ആക്രമിക്കുകയും ബന്ധിക്കയും ചെയ്തു.
- എല്ലാവരും ഭയപ്പെട്ടു അനേകർ അലറിവിളിക്കുവാൻ തുടങ്ങി എന്നാൽ അക്രമികൾ വെടിവെക്കാൻ ആരംഭിച്ചു.
- ആ മാഫിയ സംഘം യേശുവിനെ ഒരു വാനിനകത്ത് കയറ്റി എന്നാൽ അധികം ദൂരയല്ലാതെ പത്രോസിനു അവരെ അനുഗമിക്കുവാൻ കഴിഞ്ഞു.
- അവർ ദൂരത്തെത്തുന്നതിനു മുമ്പ് പത്രോസ് യേശുവിനെ കൊണ്ടുപോയ കാറിൽ ഒരു ജി പി എസ് ലോക്കേറ്റർ വക്കുവാൻ പത്രോസിനു കഴിഞ്ഞു. പത്രോസ് തന്റെ മോട്ടോർ സൈക്കിൾ അവരെ കടൽത്തീരത്തേക്ക് പിന്തുടരുന്നു (നിങ്ങളുടെ രാജ്യത്തെ ഒരു തീര നഗരത്തിന്റെ പേർ പറയുക)
- പത്രോസ് പ്രേക്ഷകരോട് പറയുന്നു: ഇപ്പോൾ അക്രമിയെ____________ ബീച്ചിൽ അവർ കാണുന്നുണ്ട്.
  (ഈ ഭാഗത്ത് പെഡ്രോ, യേശു, അക്രമി അഭിനയം തുടരുന്നു)
- ജാഗ്രതയോടെ, പത്രോസ് അക്രമിയുടെയും യേശുവിന്റെയും നേർക്ക് നടന്നടുത്ത് കാലാവസ്ഥയെക്കുറിച്ച് സംസാരിക്കുന്നു.
- അക്രമി ഒരു കസേര പത്രോസിനു നൽകുന്നു.
- യേശുവിന്റെ അനുയായികളുടെ ഫോട്ടോകളും ഒരു സന്ദേശവും അക്രമിയുടെ ഡ്രൈവറിൽ നിന്ന് അക്രമിയുടെ സെൽഫോണിൽ ലഭിക്കുന്നു. യേശുവിന്റെ ഒരു സുഹൃത്ത് ആയതിനാൽ ആണ് പത്രോസിനെ കുറ്റപ്പെടുത്തുന്നതെന്ന് അക്രമി പത്രോസിനോട് പറയുന്നു.
- പത്രോസ് അതു തള്ളിപ്പറഞ്ഞു. ഞാൻ അവനെ അറിയുന്നു പോലുമില്ല എന്ന് മറുപടി നൽകി.
- മറ്റൊരാളും പത്രോസ് യേശുവിന്റെ സ്നേഹിതനാണെന്ന് വിശ്വസിക്കുന്നതായി പറഞ്ഞു.(ഒരു അദ്ധ്യാപകന് സദസ്യരുടെ ഇടയിൽ നിന്ന് ഉറക്കെപ്പറയാം)
- പത്രോസ് പിന്നേയും അത് നിഷേധിക്കുന്നു.
- പത്രോസിന്റെ സംസാരവും ഭാഷാശൈലിയും ''യേശുവിന്റെ കൂട്ടുകാർ'' എന്ന വാട്സ് അപ്പ് ഗ്രൂപ്പിൽ ഉള്ളവരുടേത് പോലെ ഇരിക്കുന്നു എന്ന് "യേശുവിനെ പിടിക്കുക" എന്ന ഗ്രൂപ്പിൽ പെട്ടവരുടെ അല്ലെന്നും മാത്രമല്ല ഞാൻ വിചാരിക്കുന്നു നിങ്ങൾ അവരിൽ ഒരുവനാണെന്നും അക്രമി പത്രോസിനോട് പറഞ്ഞു.
- അവനെന്താണ് പറയുന്നതെന്ന് ഞാൻ അറിയുന്നില്ല എന്ന് മൂന്നാം പ്രാവശ്യവും തിരസ്കരിച്ചു പറഞ്ഞു.

- പെട്ടെന്ന് ഒരു കോഴിയുടെ കൂവൽ ശബ്ദത്തിൽ പത്രോസിന്റെ മൊബൈൽ ഫോണിൽ അലാറം അടിച്ചു.
- അലാറം അടിച്ച ഉടൻ തന്നെ യേശു തല ഉയർത്തി പത്രോസിന്റെ നേരെ നോക്കി.
- പത്രോസ് പ്ലാറ്റ് ഫോമിന്റെ അറ്റത്തെക്കോടി ഉച്ചത്തിൽ കരഞ്ഞു യേശുവിനോട് ക്ഷമക്കായി അപേക്ഷിച്ചു.

(എല്ലാവരും രംഗം വിടുന്നു. മൂന്നാമത്തെ രംഗത്ത് പത്രോസിന്റെ തള്ളിപ്പറയലിനെ ക്ഷമിച്ച യേശുവുമൊത്ത് പത്രോസ് സന്തോഷത്തോടെ നടന്നു നീങ്ങുന്നു). യേശു മെക്സിക്കോയിലേക്ക് അല്പനേരത്തേക്ക് തിരികെ വരുമെന്ന് യേശു പറഞ്ഞു. (നിങ്ങളുടെ രാജ്യത്തെ ഒരു പട്ടണത്തിന്റെ പേര് പറയുക) എന്നാൽ വാട്സ് ആപ്പിളും ഫെയ്സ് ബുക്കിലും ഇ-മെയിലിലും അവരുടെ ബന്ധം തുടരും.

### ബാൺ (കളപ്പുര)ക്രാഫ്റ്റ്സ് 2

### കോഴിത്തൊപ്പി



1. ക്രാഫ്റ്റിന്റെ മാതൃകയുടെ കോപ്പികൾ എടുത്ത് അത് നിറമുള്ള ഒരു കടലാസിൽ പതിപ്പിക്കുക.
2. ഭാഗങ്ങൾ മുറിച്ച് വെള്ള നിറത്തിലുള്ള വലിയ ഭാഗം ഒരു ത്രികോണാകൃതിയിൽ മടക്കി, ഒരു കോൺ രൂപം വരത്തക്കവിധം പിൻവശത്ത് ഒട്ടിക്കുക താഴ്വശത്തുള്ള അധിക കടലാസ് വെട്ടിക്കളയുക.
3. മുകൾ ഭാഗത്ത് നിന്ന് 10 cm വിട്ട് അതിന്മേൽ 2 കൃത്രമക്കണ്ണുകൾ ഒട്ടിക്കുക.
4. ഇരുവശത്തും കണ്ണിനു സമീപം ചിറകുകൾ ഒട്ടിച്ച് ചേർക്കുക.
5. മഞ്ഞനിറത്തിലുള്ള ചുണ്ടിന്റെ ആകൃതിയിൽ മുറിച്ച് കണ്ണിനു താഴെയായി ഒട്ടിക്കുക.
6. കോഴിയുടെ മുകൾവശത്തായി ചുവന്ന കോഴിപ്പൂവ് മുറിച്ച് ഒട്ടിക്കുക.
7. ഒടുവിലായി, താഴ്വശത്ത് കുറച്ച് ചുരുണ്ട റിബണോ ചരടോ കെട്ടി, കോഴിപ്പൂവ് കുട്ടിയുടെ തലയിൽ വരത്തക്കവണ്ണം കെട്ടിവക്കുക.

### ചലനത്തോടുള്ള ഹസ്തദാനം

ദിവസം 2: മുഷ്ടിയും ചിത്രശലഭവും

ചുരുട്ടിയ മുഷ്ടികൊണ്ട് മറ്റൊരാളുടെ മുഷ്ടിയിൽ മുകളിലും താഴെയുമായി ഇടിക്കുന്നു. ചുരുട്ടിയ മുഷ്ടികൊണ്ട് മുന്നോട്ട് ഇടിക്കുന്നു.

മുകളിലേക്ക് പോകാൻ അനുവദിക്കാതെ തള്ളവിരൽ കൊണ്ട് ചുരുട്ടുക.

വിനിയാർഡ് (മുന്തിരിത്തോട്ട) ഗയിമുകൾ 2

## വലിയ ഒരു വോളിബോൾ






വോളിബോൾ കളിക്കായി ഒരു ബോളോ കാറ്റ് നിറച്ച ബലൂണോ ഉപയോഗിക്കുക. പരിഷ്കരിച്ച വല ഉപയോഗിച്ച് കുട്ടികളുമൊത്ത് വോളിബോൾ കളിക്കുക. കസേരകൾ നിരത്തിവച്ചോ 2 മരങ്ങൾ തമ്മിൽ ചരടുകൊണ്ട് കൂട്ടിക്കെട്ടിയോ ഡിസ്പോസിബിൾ പാത്രങ്ങളുടെ നിരയോ അങ്ങനെ പലതും.

## സംഗീതം കൊണ്ടുള്ള സമാപനവും പാവകളിയും 2



കോഴി : ഹലോ ആൺകുട്ടികളും പെൺകുട്ടികളുമേ  ഇന്നലെ നാം പഠിച്ച യേശു മുന്തിരിവള്ളിയാണെന്ന്  എന്നാൽ ഇന്ന് – (അല്പം നിർത്തിയിട്ടു പറയുന്നു) ഇന്നത്തെ തീം എന്നോടൊപ്പം പൂർത്തീകരിക്കുവാൻ എവിടെയാണ് കുതിര.
കുതിര: ഞാൻ വളരെ വിഷമത്തിൽ ആണ്. എനിക്ക് പോകാൻ പറ്റില്ല (രംഗത്ത് വരാതെ പ്രതികരിക്കുന്നു)
കോഴി: കടന്നുവാ. വിദ്യാർത്ഥികൾ നിന്നെ കാത്തിരിക്കുകയാണ്. നമുക്ക് ഒന്നിച്ച് ഇന്നത്തെ തീം അവസാനിപ്പിക്കാം.
കുതിര: ഇല്ല എനിക്ക് താല്പര്യം ഇല്ല. എന്നോട് ക്ഷമിക്കുക.
കോഴി: എന്നാൽ ഞങ്ങൾ ഒരുക്കമാണ്. ഇങ്ങോട്ട് വാ. കുട്ടികളേ, ഞാൻ ഒന്ന്, രണ്ട്, മൂന്ന് എന്ന് എണ്ണും. അപ്പോൾ ചാടു കുതിരേ എന്ന് നിങ്ങൾ പറയുക.
ഒന്ന്, രണ്ട്, മൂന്ന്, ചാട് കുതിര.
കുതിര: തലയിലെ ബാഗുമായി പുറത്തേക്ക് വരുന്ന കണ്ണുകൾ അതിലെ രണ്ടു ദ്വാരങ്ങളിലേക്ക്  നോക്കിക്കൊണ്ട്
കോഴി: എന്താ നിൻറെ തലയിൽ ഒരു ബാഗ് വച്ചിരിക്കുന്നത്. കുട്ടികൾക്ക് നിന്നെ കാണാൻ കഴിയുന്നില്ല.
കുതിര: ഒരു നിമിഷം നിൽക്ക്. എന്നാൽ അവർ ചിരിക്കും കുതിര ഒരു നിമിഷം രംഗത്ത് നിന്ന് ബാഗ് മാറ്റുവാൻ താഴേക്കിറങ്ങി രംഗത്ത് നിന്ന് മാറുന്നു. ഞാൻ വലിയൊരു തെറ്റു ചെയ്തു. എനിക്ക് മാറ്റത്തിന് ആഗ്രഹം ഉണ്ടായിരുന്നു കാരണം ഞാൻ മാറുവാൻ തീരുമാനിക്കുന്നുണ്ടായിരുന്നു. കാരണം ഞാൻ മാറുവാൻ തീരുമാനിക്കുന്ന എൻറെ മുടിവെട്ട് പിന്നെ ഞാൻ വിചാരിച്ചു എൻറെ സ്വന്ത സ്റ്റൈലിൽ അത് ചെയ്യാമെന്ന്. ഞാൻ കത്രികയെടുത്തു മുറിച്ചു. തീർച്ചയായും ഞാൻ എൻറെ തല കുഴഞ്ഞുമറിഞ്ഞ അവസ്ഥയിൽ ആയി.

കോഴി: (ഒരു ചെറിയ ചിരിയോടെ) എനിക്കറിയാം നിനക്ക് ഇത് മോശമായി തോന്നുന്നു. നമുക്ക് മാറാൻ കഴിയുമെന്ന് ഞാൻ മനസിലാക്കിയപ്പോൾ കാഴ്ചയിലുള്ള മാറ്റത്തെക്കുറിച്ചല്ല ഉദ്ദേശിച്ചത് ആ കാര്യത്തിൽ നാം പലപ്പോഴും തെറ്റുകാരും തെറ്റു ചെയ്യുന്നവരും ആയിട്ടുണ്ട്. റോമർ 3:23 ൽ പറയുന്നതുപോലെ നമ്മൾ ശിക്ഷയ്ക്ക് അർഹരാണ്. നാം എല്ലാവരും പാപം ചെയ്തു. റോമർ 6:23 ൽ പാപത്തിൻറെ ശമ്പളം മരണം ദൈവത്തിൻറെ ദാനമോ നിത്യജീവൻ എന്ന് കാണുന്നു.

കുതിര: ഹാ ഹാ അത് നമ്മുടെ ജീവിതരീതിയെ മാറ്റുമോ

കോഴി: അതേ

കുതിര: എനിക്ക് പോകണം. പേപ്പർ കടയിലേക്ക് എൻറെ കൂടെ വരാമോ

കോഴി: തീർച്ചയായും അവിടെ നിന്ന് എന്താണ് വാങ്ങുന്നത്

കുതിര: എൻറെ തല മുടിക്കുവേണ്ടിയുള്ള പശ

കോഴി: അത് ബാലിശമാണല്ലോ

കുതിര: (കുതിരയെപ്പോലെ ചിരിച്ച്) അതൊരു തമാശയാണേ ഹഹഹ

# പാഠം- 3

## തലവാചകം 3

**ഞാൻ അനുസരിക്കാൻ തീരുമാനിക്കുന്നു**

പത്രോസിന് അവൻറെ വിളി ലഭിക്കുന്നു.

മത്താ 4:18-22

## വാക്യം 3

''ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.'' യോഹ 15:10

## ട്രിക്ക് (കൌശലം) 3




തിങ്ങളുടെ കൌശലം പ്രയോഗത്തിൽ വരുത്താൻ പ്ലാറ്റ് ഫോമിൽ നേർമ്മയായ ഒരു ചരടും 2 ബലൂണുകളും വേണം. (പൊട്ടിയാൽ ഉപയോഗിക്കേണ്ടതിന് അധിക ബലൂണുകൾ കരുതുക.) സഭാ ഹാളിൽ (പള്ളിക്കകത്ത്) മറ്റാരും കാണാതെ, നിങ്ങളുടെ കൌശലങ്ങൾ അനേകം പ്രാവശ്യം നേരത്തെ അഭ്യസിക്കണം തീർച്ചയായും സംഗീതഗ്രൂപ്പിന്റെയോ മറ്റാരുടെയെങ്കിലുമോ കണ്ണിൽപ്പെടാതെ കൌശലങ്ങൾ അവതരിപ്പിക്കുന്നതിനു മുൻപ് ആരും കാണാത്ത വിധത്തിൽ വക്കുവാൻ ഒരു സ്ഥലം കണ്ടുപിടിക്കണം. വളരെ നേന്മയായുള്ള ചരട് ഹാളിന്റെ ഒരറ്റത്ത് നിന്ന് മറ്റെ അറ്റത്തേക്ക് കെട്ടുക. ചരടിന്റെ ഒരു വശം കെട്ടുന്നതിനു മുൻപായി ഒരു പേപ്പർ ട്യൂബോ മുറിച്ച സ്ട്രോയുടെ കഷണമോ ഒരുക്കി അതിലൂടെ ചരട് കടത്തുക. നിർദ്ദേശിക്കപ്പെട്ട സമയത്ത് അടക്കാതെ ബലൂണിൽ കാറ്റ് നിറച്ച് സ്ട്രോയിലേക്ക് ടേപ്പ്കൊണ്ട് ഒട്ടിക്കുക. (ഒരു അദ്ധ്യാപകനോ കുട്ടിക്കോ ബലമുള്ള ടേപ്പ്കൊണ്ട് ഒട്ടിക്കുമ്പോൾ അത് അടഞ്ഞിരിക്കുന്നതിനായി സഹായിക്കാവുന്നതാണ്.

## പ്രധാനപാഠം 3



''നാം കൃഷിത്തോട്ടത്തിലേക്ക് പോകുക!!!'' എന്ന വി.ബി.എസിന്റെ മൂന്നാം ദിനത്തിലേക്ക് സ്വാഗതം. ആദ്യത്തെ 2 ദിവസങ്ങളിലെ വിബിഎസിലെ ചോദ്യങ്ങളിലെ ഉത്തരങ്ങൾ എത്രപേർക്ക് അറിയാം? ആരാണ് മുന്തിരിവള്ളി? ആരാണ് കൊമ്പുകൾ? നാം. വളരെ നല്ലത്!

വാക്യത്തിലെ തുടർന്ന്  വരുന്ന ശൈലി ഇന്ന് നമ്മൾ പഠിക്കും. ‘’ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു എന്നിൽ വസിച്ചാൽ ഞാൻ നിങ്ങളിലും ----

എന്താണ് അതുകൊണ്ട് അർത്ഥമാക്കുന്നത്? യേശുക്രിസ്തു നമ്മൾ എപ്പോഴും തന്നോടുള്ള ബന്ധത്തിൽ ആയിരിക്കുവാൻ ആഗ്രഹിക്കുന്നു. അവനിൽ നാം വസിക്കണം. സമയാസമയങ്ങളിൽ ഒന്ന് പ്രാർത്ഥിക്കുന്നതും സഭയിൽ  വരുമ്പോൾ മാത്രം ബൈബിൾ വായിക്കുന്നതും അല്ല. എപ്പോഴും അവനുമായുള്ള ബന്ധം ഉണ്ടായിരിക്കണം. എന്നാൽ ഏറ്റവും കഠിനമായ കാര്യം. നമുക്ക് എങ്ങനെ ഇതിനു കഴിയും എന്നതാണ്. മുന്തിരിവള്ളിയുമായുള്ള ബന്ധം വളരെ പ്രധാനമാണ് കാരണം എല്ലാ ശക്തിയും കൊമ്പുകൾക്ക് ലഭ്യമാകുന്നത് അവിടെ നിന്നാണ്. ശരിയായി പറഞ്ഞാൽ ഏത് ചെടിയും തമ്മിലുള്ള ബന്ധം നിലനിർത്തുന്നില്ലെങ്കിൽ ഉണങ്ങുകയും നശിച്ചുപോകയും ചെയ്യും.

സ്വതന്ത്രരായി നമ്മുടെ നഗരത്തിൽ എങ്ങനെ പിടിച്ചുനിൽക്കാൻ കഴിയുന്നവിധത്തിൽ ക്ലാസ്സിൽ ഒന്നാമതെത്തുന്ന വിധത്തിലും സ്വതന്ത്രരായിരിക്കുവാനാണ് നാമെല്ലാവരും ആഗ്രഹിക്കുന്നത്. മറ്റുള്ളവരാൽ ചതിക്കപ്പെടുവാൻ നാം ഒരിക്കലും ആഗ്രഹിക്കുന്നില്ല നാം ഇന്നതൊക്കെ ചെയ്യണമെന്ന നിർദേശങ്ങൾ മറ്റുള്ളവർ നമുക്ക് നല്കുന്നത് നമുക്കിഷ്ടപ്പെടുന്നില്ല. നമുക്ക് നമ്മുടെ കാര്യം നോക്കി പുറത്ത് സ്വതന്ത്രരായി കഴിയുന്നതാണിഷ്ടം. എന്നാൽ യേശു തന്നെ നമ്മളെ കരുതുവാൻ താല്പര്യം ഉള്ളവനായിരിക്കുന്നു എന്ന് ദൈവവചനം വ്യക്തമായി പറയുന്നു; നാമുമായി ബന്ധപ്പെട്ട് മറ്റെല്ലാ ദുഷ്ട കാര്യങ്ങളിൽ നിന്നും സംരക്ഷിച്ച് നമുക്ക് വേണ്ടി കാത്തിരിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. നാം യേശുവുമായി ബന്ധം സ്ഥാപിച്ച് ആ വഴിയിലൂടെ സഞ്ചരിക്കുവാൻ നാം സൂക്ഷിക്കപ്പെടണം. എങ്ങനെയാണ് അവനോടുള്ള ബന്ധം നിലനിർത്താൻ നമുക്ക് കഴിയുന്നത്. അക്ഷരീകമായി ആണെങ്കിൽ അതിനു ഒരു മാർഗ്ഗവും ഇല്ല. ഇന്നത്തെ വാക്യം അതിനായി നമ്മെ സഹായിക്കുന്നു. യോഹ. 15:10 ‘’ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും’’.  നമുക്ക് അവനോടു ബന്ധം ഉണ്ടെന്ന് ചിന്തിക്കാൻ വളരെ എളുപ്പമാണ്. അവന്റെ പ്രവൃത്തികളിലൂടെ ആണ് യേശുവുമായി ബന്ധത്തിലായിരിക്കുന്നു എന്നറിയാനുള്ള മാർഗ്ഗം നമ്മുടെ അനുസരണം നമ്മെ അവനുമായി ബന്ധിപ്പിക്കുന്നു.

ട്രിക്ക് (കൌശലം)

ഈ ബലൂൺ നോക്കുക അതിനു എങ്ങനെ നേരെ പോകുവാൻ കഴിയും (ചരടിൽ ടേപ്പ് കൊണ്ട് ഒട്ടിച്ചിരിക്കുന്ന ബലൂൺ സ്വതന്ത്രമാക്കുക) ഇപ്പോൾ ഈ ബലൂണിനെ നോക്കുക. (ഒരു അയഞ്ഞ ബലൂൺ സ്വതന്ത്രമാക്കുക) ഏത് ബലൂണാണ് നേരെ പോയത്? ഈ ബലൂൺ പോലെ അനുസരണം നമ്മെ നേർ പാതയിൽ നയിക്കും

യേശുവുമായി അടുത്ത ബന്ധത്തിൽ നിങ്ങൾക്ക് ജീവിക്കാൻ കഴിയുമോ ജീവിതം ശരിയായി മുന്നോട്ട് പോകാൻ ആവശ്യമായ സഹായം നിങ്ങൾക്ക് ലഭിക്കും. അനുഗ്രഹത്തിന്റെ സംഗ്രഹം- അടിസ്ഥാന പരമായ ചില കാര്യങ്ങൾ ...

- യേശു നമ്മെ അറികയും കാണുകയും ചെയ്യുന്നു
- യേശു നമ്മുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുവാൻ അവനുമായുള്ള ബന്ധത്തിനു തുടക്കം ആകുന്നു.
- യേശുവിനോടുള്ള നമ്മുടെ ഉത്തരവാദിത്വം അനുസരണം ആണ്.
- ദിനംതോറും അവനോടുള്ള ബന്ധത്തിൽ വസിക്കണം
- യോഹന്നാൻ 15-ൽ പറഞ്ഞിരിക്കുന്നത് പോലെ യേശുവിൽ നാം വസിക്കണം.

നാം തനിയെ സഞ്ചരിക്കാതെ അവനോടുള്ള ബന്ധത്തിൽ എപ്പോഴും ആയിരിക്കണമെന്ന് യേശു ആവശ്യപ്പെടുന്നു. പത്രോസ് ചെയ്തതുപോലെ എല്ലാ ഉപേക്ഷിച്ച് ഏറ്റവും വേഗത്തിൽ തന്നെ അനുസരണത്തോടെ നമുക്ക് പ്രതികരിക്കാംയേശുവുമായുള്ള ബന്ധത്തിൽ ആയിരിക്കാം നാം അനുസരിക്കുന്നതിനു തീരുമാനിക്കാം!

## ചുറ്റിത്തിരിയുന്ന കേന്ദ്രങ്ങൾ 3

### സിലോ(നിലവറ) ക്ലാസ് 3

### ചോദ്യോത്തരങ്ങൾ




1. ദൈവവചന വായനക്കും പ്രാർത്ഥനക്കും പുറമേ, യേശു ക്രിസ്തുവുമായി ചേർന്നിരുന്ന നിങ്ങൾ അനുസരണമുള്ളവരാണെന്ന് കാണിക്കുവാൻ(മനസിലാക്കുവാൻ) മറ്റെന്തു കാര്യങ്ങൾ ആണ് നിങ്ങൾ ചെയ്യാറുള്ളത്?

പ്രാർത്ഥിക്കുക, ബൈബിൾ വായിക്കുക, ഞായറാഴ്ച ആരാധനയ്ക്ക് പോകുക, ദശാംശം കൊടുക്കുക എന്നിവയൊക്കെയാണ് അനുസരണം ഉണ്ടെന്ന് പ്രദർശിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ ആണെന്ന് അനേക ക്രിസ്ത്യാനികളും കരുതുന്നു. നമ്മുടെ ക്രിസ്തുവിന്റെ ശിഷ്യന്മാർ ആണെങ്കിൽ അവന്റെ വചനം പറയുന്നതും പ്രമാണിക്കേണ്ടതത്രേ എന്ന കാര്യം നാം മറന്നു പോകുന്നു. ഓരോ ദിവസവും ഞാൻ സ്കൂളിലോ ജോലി സ്ഥലത്തോ ആയിരിക്കുമ്പോൾ ദൈവത്തോട് അനുസരണം കാണിക്കേണ്ട അവസ്ഥകൾ നമുക്കുണ്ട്.

2. അടുത്ത വി.ബിഎസിൽ ഒരു അദ്ധ്യാപകൻ ആയിത്തീരാൻ ദൈവം നിങ്ങളെ പ്രേരിപ്പിക്കുന്നു. എന്നാൽ നന്നായി പഠിച്ച് സ്കൂളിൽ നല്ല ഗ്രേഡ് ലഭിക്കാതെ നിങ്ങളുടെ സഭയിൽ നിങ്ങൾക്ക് പ്രവർത്തിക്കാൻ കഴികയില്ലെന്നു നിങ്ങളുടെ അമ്മ പറയുന്നു. ആരെ നിങ്ങൾ അനുസരിക്കാൻ തീരുമാനിക്കും?

ഒരാൾ മറ്റൊരാളെ വിധിക്കാതെ നിങ്ങളുടെ കുട്ടികളുമായി ഒരു തുറന്ന ചർച്ചയ്ക്ക് ശ്രമിക്കുക. നിങ്ങളുടെ സ്വന്തം തെറ്റുകളും പരാജയങ്ങളും തുറന്നു പറയുന്നത് അവക്കും

പ്രയോജനമായിത്തീരും. ഉദാഹരണത്തിന് പഠിക്കാതെ പരീക്ഷയിൽ തോറ്റിട്ട് പ്രശ്നങ്ങൾ ഉണ്ടായിക്കഴിഞ്ഞു തെറ്റായ ഇടങ്ങളിൽ നിന്നും ശരിയല്ലാത്ത ആളുകളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചവ ഉൾപ്പെടെ.

3. അവന്റെ വാക്ക് അനുസരിക്കാതിരിക്കത്തക്കവിധം എന്ത് ഒഴികഴിവാണ് യേശുവിനോട് പറയുവാൻ കഴിയുന്നത്? എനിക്ക് പ്രസംഗിക്കുവാൻ കഴിവില്ല, ഞാനൊരു സ്ത്രീയാണ് എന്റെ വീട്ടിൽ ഞാൻ മാത്രമാണ് ക്രിസ്ത്യാനി എന്നൊക്കെ നിങ്ങൾ പറഞ്ഞേക്കാം?

വേദപുസ്തകത്തിൽ ദൈവത്തോട് അനുസരിക്കാതിരിപ്പാൻ ഒഴിവുകഴിവ് പറഞ്ഞ അനേക കഥാപാത്രങ്ങളെ കാണാം. എന്നാൽ കഴിവ് കുറവോ ഒരു കഴിവുമോ ഇല്ലാത്തവർ ആയാലും ഗണ്യമാക്കേണ്ടതില്ല. യേശുക്രിസ്തു നിങ്ങളുടെ ജീവിതം ഉപയോഗിക്കുന്നതിനു പൂർണ്ണത ആവശ്യപ്പെടുന്നില്ല. അവൻ ആവശ്യപ്പെടുന്നത് അനുസരണം മാത്രമാണ്. മോശ പറഞ്ഞു എനിക്ക് സംസാരിക്കുവാൻ കഴിവില്ല. ഗിദയോൻ ആരാലും അറിയപ്പെടാത്തവനും ദാവീദ് എളിയവനും(ഒന്നുമല്ലാത്തവനും) ആയിരുന്നു!





| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ഞ്ഞ് | ദ | ൾ | ബൈ | ബി | ൾ | ന്യൂ | ക്ഷ | മ | ദ | ന | ര |
| വി | ല്ല | വീ | ക്ഷ | കു | ഹം | പ്പെ | ഡ | ര | ഴി | ക | യം |
| ഴി | ണം | സ് | ര | അ | താ | അ | വീ | ര | ല്ല | സ് | ദ |
| യം | ര | തി | കു | ണം | മ | സ് | ൾ | ന | കു | വീ | ഹ |
| ട്ട | സ | അ | ൾ | പ | സം | ന്യൂ | ക | അ | ട്ട | ല്ല | ന്യൂ |
| പ്പെ | ന | ക | ഡ | സ് | അ | ൾ | ന്യൂ | ദ | യം | ട്ട | ൾ |
| സ് | അ | വീ | ശ്രോ | ഹം | ദ | പ്പെ | കൊ | ൾ | അ | പ്പെ | ഴി |
| ക | ഹം | പ | കു | ല്ല | ന | യം | ന്യൂ | ൾ | ഹം | ഡ | ദ |
| പ | ദ | പൂ | വ | ൻ | കോ | ഴി | അ | മ | ക്ഷ | ബ | ന |
| ന | ര | അ | ഴി | യം | സ് | ട്ട | സ്റ്റേ | ഹം | പ്പെ | വീ | കു |







## പത്രോസുമൊത്തുള്ള ഒരു ഉല്ലാസ യാത്ര 3

### മീൻ



ചേരുവകൾ:

- നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് തയാർചെയ്ത സമചതുരത്തിലുള്ള ബ്രഡ്
- അർദ്ധ ചന്ദ്രാകൃതിയിൽ മുറിച്ച കാരറ്റ്
- വളരെ നേർമയായി മുറിച്ച കുക്കുംബർ(വെള്ളരിക്ക)
- നന്നായി പുഴുങ്ങിയ മുട്ട വൃത്തത്തിൽ മുറിച്ചത്
- ഐഛികമായത്: കഷണങ്ങൾ ആക്കിയ ബ്ലാക്ക് ഒലിവ്

നിർദേശങ്ങൾ:

- തയാറാക്കിയ സമചതുരത്തിലുള്ള ബ്രഡ് ഓരോ കുട്ടിക്കും കൈമാറുക
- കാരറ്റോ, വെള്ളരിക്കയോ, പുഴുങ്ങിയ മുട്ടയോ അല്ലെങ്കിൽ ഏതെങ്കിലും പച്ചക്കറികളോ നിങ്ങളുടെ മീൻ അലങ്കരിക്കാൻ ഉപയോഗിക്കാം.
- മുട്ട കണ്ണിനും, കാരറ്റ് ചെതുമ്പലിലും, വെള്ളരിക്ക മീൻ ചിറകിനും ഉപയോഗിക്കാം.
- നമുക്ക് തിന്നാം!

## പത്രോസുമൊത്തുള്ള നാടകം




പത്രോസിനു വിളി ലഭിക്കുന്നു(മത്താ 4:18-22)

രംഗം: യേശുവിനെ കണ്ടുമുട്ടിയതെങ്ങനെ എന്ന് സദസ്യരോട് വിളംബരം ചെയ്യാൻ പത്രോസ് ആഗ്രഹിക്കുന്നു. രേഖാചിത്രം വളരെ ലളിതമാണ്. സംഭവങ്ങളെക്കുറിച്ച് സംസാരിച്ചുകൊണ്ട്

പത്രോസ് ഒരു വശത്ത് നിന്ന് മറുവശത്തേക്ക് നടക്കുന്നു(യേശു ഇന്നും നാളെയും അഭിനയിക്കുന്നില്ല.)

- ഞാൻ എന്റെ ജോലിയുമായി ബന്ധപ്പെട്ട എന്റെ പേജ് നവീകരിക്കുവാൻ ഗ്ലഗിളിൽ എന്റെ ജി 5 ഫോണിലൂടെ ഇന്റർനെറ്റിൽ തിരയുകയായിരുന്നു.
- വെബ് പേജുകളിലെ ചില ഓൺ ലൈൻ കളികളിൽ കളിക്കാതെ സഹായിക്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന ജോലിയിൽ ആണ് ഞാൻ ഏർപ്പെട്ടിരിക്കുന്നത് എന്ന് നിങ്ങളിൽ പലർക്കും അറിയാമല്ലോ.
- ഞാൻ ഇന്റർനെറ്റിൽ തിരഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശു എന്ന് പേരുള്ള ഒരു വ്യക്തിയെ കണ്ടു. അവന്റെ പേജിൽ ഹിൽസോങ്ങിന്റെ സംഗീതവും പ്രസംഗങ്ങളും ജോൺ മാക്സ് വെല്ലിന്റെയും റിക്ക് വാറന്റെയും പുസ്തകങ്ങളും കണ്ടു.
- യേശുവുമായി വാട്സ് അപ്പിൽ സംസാരിച്ചപ്പോൾ അവന്റെ ഫാൻ പേജിലെ അംഗമാകാനും അവന്റെ വെബ്സൈറ്റിൽ 13 പേർ ചേർന്ന് കളിയിൽ സഹായിക്കുന്നതിനേക്കാൾ അവരുടെ വിശ്വാസത്തിൽ സഹായിക്കാനും യേശു എന്നെ ക്ഷണിച്ചു.
- ആ ദിവസം തന്നെ ഞാൻ എന്റെ ജോലി രാജിവച്ച് എനിക്ക് ശമ്പളം ഒന്നും കിട്ടുന്നില്ലെങ്കിലും യേശുവിനോടൊത്ത് എന്റെ ജോലി ആരംഭിച്ചു. അവൻ എനിക്ക് വാഗ്ദാനം ചെയ്ത ജോലിക്ക് ചേരാൻ ഞാൻ മറ്റെല്ലാം ഉപേക്ഷിച്ചു.
- അന്നുമുതൽ എന്റെ ജീവിതം മാഹാത്മ്യമുള്ളതായിത്തീർന്നു. യേശുവിന്റെ ശിഷ്യൻ ആയിത്തീർന്ന ആ സമയങ്ങളിൽ യേശു എത്ര പ്രശസ്തൻ ആണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല എന്നാൽ ഇന്ന് അതെനിക്കറിയാം. ഞങ്ങൾ പോകുന്ന എല്ലായിടത്തും ആളുകൾ അവനെ സ്നേഹിക്കുകയും അവൻ ഏറ്റവും വലിയ അന്തർദേശീയ നേതാവായി വിചാരിക്കുകയും ചെയ്യുന്നു.

## ബാൺ (കളപ്പുര) ക്രാഫ്റ്റുകൾ 3

### ബാൺ



1.ബാണിന്റെയും മന:പാഠവാക്യത്തിന്റെയും കോപ്പികൾ ഡൌൺ ലോഡ് ചെയ്യുക.

2.ഒരു സ്റ്റോ ഉണ്ടാക്കുവാൻ 6 സെ.മി. നീളത്തിലുള്ള 6 സ്ലിപ്പ് ആയി ചുരുണ്ട മഞ്ഞ റിബൺ മുറിച്ച് 3 എണ്ണം വീതം ഓരോ വശത്തും ഒട്ടിച്ച് 2.5 സ്.മിവലുപ്പമുള്ള 6 സ്ലിപ്പുകൾ ചെറിയ ജനാലയിലും ഒട്ടിക്കുക.

3.ബൈബിൾ ഭാഗങ്ങൾകൊണ്ട് നിറം കൊടുത്തു വലിയ ദീർഘ ചതുരത്തിന്റെ പിൻപിൽ ഒട്ടിക്കുക.

4.ആവശ്യമെങ്കിൽ ഗ്ലിറ്റർ കൊണ്ട് അലങ്കരിക്കുക.




## ഹസ്തദാനം ചലനങ്ങളോടൊപ്പം

ദിവസം-3 മത്സ്യം

കൈപ്പത്തികൾ തമ്മിൽ ചേർത്ത് വയ്ക്കുക

(മത്സ്യം നീന്തുന്നത് പോലെ ചലിപ്പിക്കുക)

3 പ്രാവശ്യം കൈകൊട്ടി അവസാന പ്രാവശ്യം ഒന്നിച്ച് ചേർത്ത് വക്കുക.

ഇടത്തെ കൈകൾ ഒന്നിച്ച് വക്കുക

വലത്തെ കൈ മുകളിലേക്കും മദ്ധ്യഭാഗത്തും, താഴെയും തമ്മിലും ചലിപ്പിക്കുക

## മുന്തിരിത്തോട്ട ഗയിമുകൾ 3




### തടസ്സങ്ങളിലൂടെ ഓട്ടം



ക്ലാസ് ആരംഭിക്കുന്നതിനു മുമ്പ് തടസ്സങ്ങൾ കൊണ്ട് ഒരു പാത ഉണ്ടാക്കുക. ഈ കാര്യങ്ങൾ നിങ്ങൾക്കുപയോഗിക്കാം കടലാസ് കൂടുകാർ, അതിൽ ഓരോ കുട്ടിയും കാൽ ഇട്ട് തിരികെ എടുക്കണം ചരടുകൊണ്ട് ഒരു തടാകം ഉണ്ടാകത്തക്ക വിധത്തിൽ ഒരു വൃത്തം രേഖപ്പെടുത്തുക. അതിൽ കുട്ടികൾ ചാടണം. ഡിസ്പോസിബിൾ പ്ലേറ്റുകൊണ്ട് ഒരു വഴിക്ക് രൂപം കൊടുക്കുക. കുട്ടികൾ ഓരോ പ്ലേറ്റിലും ചവിട്ടി തടികൾ കെട്ടുകളായി വച്ച് കുട്ടികൾ അതിനെ മറികടക്കുക. ബലൂണുകൾ വ്യത്യസ്ത ഉയരങ്ങളിൽ ഒരു മരത്തിൽ നിന്ന് തൂക്കിയിടുക. കുട്ടികൾ അത് തട്ടാതെ അവക്കിടയിലൂടെ പോകണം. ഈ തടസ്സങ്ങളുടെ കോഴ്സുകൾ ഒരു റ്റീമായോ ഒറ്റക്കോ സഞ്ചരിച്ച് എന്ത് സമയം അതിനു എടുക്കുന്നു എന്ന് രേഖപ്പെടുത്തുക. മുഴുവൻ റ്റീമും പങ്കെടുക്കുന്നെന്നു ഉറപ്പുവരുത്തുക. തമ്മിൽ സഹായിക്കാം. തവളച്ചാട്ടം ചുറ്റിത്തിരിയൽ തുടങ്ങി കൂടുതൽ പടിപാടികൾ നിങ്ങൾക്ക് കൂട്ടിച്ചേർക്കാവുന്നതാണ്. ഒരു കോഴ്സ് ആദ്യവും വേഗത്തിലും തീർക്കുന്ന റ്റീം ആയിരിക്കും വിജയി.

## സംഗീതത്തോടും പാവകളിയോടും ഒപ്പം സമാപനം 3



കുതിര, കോഴി-നോക്ക്! ഞാൻ വി.ബി.എസിലെ കുട്ടികൾക്ക് വേണ്ടി ഒരു കേക്ക് കൊണ്ടുവന്നിട്ടുണ്ട്. (കുതിര ഒരു പരന്ന കേക്കുമായി പ്രവേശിക്കുന്നു. അത്ര ആകർഷകമല്ലാത്ത രീതിയിൽ കാർഡ്ഡ്ബാർഡ് വട്ടത്തിൽ മുറിച്ച് ഉണ്ടാക്കാം.)

കോഴി- അത് കണ്ടിട്ട് ഒരു കുക്കി പോലുണ്ട്. മാത്രമല്ല. അതിന്റെ അലങ്കാരങ്ങൾ ഒട്ടും ഭാഗിയല്ലാത്തതാണ്. എന്താ അത് മറ്റു കേക്കുകളെയും ബ്രഡുകളേയും പോലെ മൃദുവും ഉയർന്നു നിൽക്കുന്നതും ആകാത്തത്?

കുതിര: എന്റെ ഫെയ്സ് ബുക്കിലെ ഒരു വീഡിയോയിൽ നിന്ന് എങ്ങനെ കേക്ക് ഉണ്ടാക്കാം എന്ന് മനസിലാക്കി. വി.ബി.എസ് വിദ്യാർത്ഥികൾക്കുവേണ്ടി

ഉണ്ടാക്കിയാൽ നല്ലതായിരിക്കുമല്ലോ എന്ന് തോന്നി അങ്ങനെ ഓവൻ ഞാൻ നേരത്തെ ചൂടാക്കി  എല്ലാ ചേരുവകളും ചേർത്ത് ഞാൻ ഉണ്ടാക്കാൻ തുടങ്ങി.

കോഴി: കുതിരയോ നിനക്കുറപ്പുണ്ടോ നീ എല്ലാ ചേരുവകളും നിർദേശങ്ങൾ അനുസരിച്ച് ചെയ്തു എന്ന് ഉറപ്പുണ്ടോ.

കുതിര: ബേക്കിംഗ് പൌഡറും വാനിലയില്ലാഞ്ഞിട്ടും എനിക്ക് സ്വാതന്ത്ര്യവും ക്രിയാത്മകവും ആയി ചെയ്യണമെന്നുണ്ടായിരുന്നു. ആ ചേരുവകൾ ഞാൻ ഉപയോഗിച്ചില്ലെങ്കിൽ കുഴപ്പം ഇല്ലെന്നും ആരും ശ്രദ്ധിക്കയില്ലെന്നും ഞാൻ വിചാരിച്ചു. അതിനാൽ അലങ്കരിക്കുന്നതുമായ ബന്ധപ്പെട്ട ചില കാര്യങ്ങൾ ഞാൻ ഒഴിവാക്കി.

കോഴി: കുതിര ഇതിനെയാണ് അനുസരണക്കേട് എന്ന് പറയുന്നത് നമ്മൾ യോഹ. 15:10-ൽ പറഞ്ഞിരിക്കുന്നതെന്താണെന്ന് ഓർക്കുക: ''ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.''

കുതിര: അപ്പോൾ യേശു തന്നെത്താൻ അവന്റെ പിതാവിനെ അനുസരിച്ചു.

കോഴി: തീർച്ചയായും, നാം അവന്റെ മാതൃക പിൻ പറ്റണം അല്ലെങ്കിൽ ഒരു കേക്ക് ഉണ്ടാക്കുന്നതിൽ ചെയ്യേണ്ട ചില കാര്യങ്ങൾ അനുസരിക്കാത്തത് കൊണ്ട് എന്താണ് സംഭവിച്ചതെന്ന് കണ്ടല്ലോ.

കുതിര: ഓ എന്റെ.!എന്നോട് ക്ഷമിക്കുക! ഞാൻ ഉണ്ടാക്കിയ കപ്പ് കേക്കുകൾ കഴിക്കാതിരിക്കയാണ് നല്ലതെന്ന് ഞാൻ വിചാരിക്കുന്നു.

കോഴി: എന്ത്? ഇപ്പോഴാണ് പറയുന്നത്! ഞാൻ 3 എണ്ണം കഴിച്ചു!

കുതിര: ക്ഷമിക്കണം !എന്നാൽ നേരെ ഡോക്ടറുടെ അടുത്തേക്ക് പൊക്കോ. ചോക്ലേറ്റും ചെളിയും എല്ലാം ഒരേ നിറമാണ്.

# പാഠം- 4

## തലവാചകം 4

**ഞാൻ പ്രവർത്തിക്കാൻ തീരുമാനിക്കുന്നു**

പത്രോസ് ശക്തിയോടെ പ്രസംഗിക്കുന്നു.


അപ്പൊ. 2:14-21

## വാക്യം 4

''നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളേ ആക്കിവെച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നേ''.

യോഹ: 15:16

## ട്രിക്ക് (കൌശലം) 4



ഇതിനു ഒരേ പോലുള്ള 2 കവറുകൾ വേണം. ഒരു വലിയ ഗ്രൂപ്പിന് ഒരു വലിയ കാർഡിന്റെ ഷീറ്റുകൊണ്ട് ഒരു ഭീമൻ കവർ ഉണ്ടാക്കുന്നതാണ് നല്ലത്. നിങ്ങളുടെ മാജിക്ക് കവർ ഉണ്ടാക്കാൻ ഒരേ തരത്തിലുള്ള 2 കവറുകൾ ഉണ്ടാക്കുക. മുൻഭാഗം മുറിച്ച് ഒന്ന് മറ്റൊന്നിലേക്ക് കടത്തിവച്ചു കുറച്ച് നിറമുള്ള കടലാസ് ഷീറ്റുകളിൽ ചില പ്രധാന ജോലികളും ദയാപരമായ പ്രവർത്തനങ്ങൾക്കും ആലേഖനം ചെയ്യുക. കവറുകൾ ശൂന്യമാണെന്ന് നിങ്ങൾക്ക് കാണിക്കാൻ കഴിയും. നിശ്ചയിച്ചിരിക്കുന്ന സമയത്ത് കവറിന്റെ ഒരു വശം പൊടിച്ച് അതിൽ നിന്ന് നിറമുള്ള കടലാസുകൾ പുറത്തെടുക്കുക. ഇത് ശരിയായി പ്രയോഗത്തിൽ വരുത്താൻ നിങ്ങളുടെ കയ്യിൽ ഒരു ശൂന്യമായ കവർ മാത്രമേ ഉള്ളെന്നു നടിക്കേണ്ടിവരും. രഹസ്യമായി ഇത് പലപ്രാവശ്യം പരിശീലിച്ചാൽ നിങ്ങളുടെ വി.ബി.എസിൽ നന്നായി ചെയ്യുവാൻ കഴിയും.

## പ്രധാന പാഠം 4



''നമുക്ക് കൃഷിത്തോട്ടത്തിലേക്ക് പോകാം എന്ന വി.ബി.എസിലേക്ക് വീണ്ടും സ്വാഗതം, സമയം അവസാനിച്ചുകൊണ്ടിരിക്കുന്നതിനാൽ നിങ്ങൾ ഈ ആഴ്ചയിൽ

പഠിച്ച പാഠങ്ങൾ ഓർമ്മയിലുണ്ടോ എന്ന് നമുക്കൊന്ന് നോക്കാം. ആരാണ് മുന്തിരിവള്ളി ആരാണ് കൊമ്പുകൾ നാം എന്താണ് നമ്മൾ ചെയ്യേണ്ടത്? ബന്ധം പുലർത്തുക !

ഓകെ, "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു..." എന്ന വാക്യത്തിന്റെ അടുത്ത ഭാഗത്തേക്കുള്ള സമയം ആയി എന്താണിതിന്റെ അർത്ഥം. നമ്മൾ വാസ്തവത്തിൽ സസ്യങ്ങൾ അല്ലെങ്കിൽ ലോകത്തിൽ ഫലം കയ്ക്കുന്നു

''എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്.???ഒരു സസ്യം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ച് നോക്കി നമുക്ക് തുടങ്ങാം. നാം നേരത്തെ പ്രതിപാദിച്ചിരുന്നതുപോലെ ഫലം കൊമ്പുകളിൽ നിന്നാണ് മുന്തിരിവള്ളിയിൽ നിന്നല്ല.
യേശുവിനു സ്വർഗ്ഗത്തിൽ നിന്ന് ഫലം ഉളവാക്കാൻ കഴിയും എന്നാൽ മുന്തിരിവള്ളിയിൽ നിന്ന് ഫലം പുറപ്പെടാത്തതുപോലെ അതല്ല ദൈവത്തിൻറെ പദ്ധതി. യേശു ഫലം പുറപ്പെടുവിക്കാൻ നമ്മെ സഹായിക്കുന്നു എന്നാൽ അത് പുറത്തുവരേണ്ടത് നമ്മുടെ വാക്കിൽ നിന്നും പ്രവർത്തിയിൽ നിന്നുമാണ്. നാം പ്രവർത്തിക്കുവാൻ തീരുമാനിക്കണം!
ഒരു സസ്യം അതിന്റെ ശാഖകളിൽ ഫലം ഉത്പാദിപ്പിക്കാൻ പ്രധാന കാര്യം എന്താണ് ??? കൊമ്പുകളിൽ നിന്ന് ഫലം ഉളവാക്കാൻ സസ്യത്തിന് പ്രധാനമായും വേണ്ടതെന്നാണ് ഒന്നാമതായി നിങ്ങൾ ആരോഗ്യവാന്മാരായിരിക്കണം. രണ്ടാമതായി, കാത്തിരിക്കാനുള്ള മനോഭാവം ഉണ്ടായിരിക്കണം മുന്തിരിവള്ളിയിലെ ഫലത്തിന് വ്യത്യസ്ഥ സമയങ്ങൾ ഉണ്ട്. ഉദാഹരണത്തിന് വർഷത്തിലെ എല്ലാ ആഴ്ചയിലും പുതിയതും പാകമായതും ആയ മുന്തിരി നമുക്ക് ലഭിക്കയില്ല അതിന്റെ ഫലത്തിന് പ്രത്യേക കാലങ്ങൾ ഉണ്ട്. വെള്ളവും സൂര്യപ്രകാശവും നല്ല മണ്ണും അനുകൂലഘടകങ്ങൾ ആയതിനാൽ കൊമ്പുകളിൽ വളരുന്ന ഫലം ആണ് ഏറ്റവും രുചികരമായിട്ടുള്ളത്. നമ്മിലുള്ള ഫലമാണ് ഏറ്റവും ആസ്വാദ്യകരമായത്. കാരണം അത് ലഭ്യമാകുന്നത് നമ്മുടെ ജീവിതത്തിലെ, ദയാപരമായ പ്രവർത്തനങ്ങൾ പ്രത്യേക കാര്യങ്ങൾ, ദയയുള്ള മനോഭാവം, അനുകമ്പയുടെ സ്വാദിഷ്ഠമായ ഭാഗങ്ങൾ എന്നിവയിൽ നിന്നാണ്. നാം മുന്തിരിവള്ളിയുമായി ചേർന്നിരിക്കുമ്പോൾ വിവിധ തരത്തിലുള്ള ദയാപരമായ കാര്യങ്ങൾ നമുക്ക് എളുപ്പമുള്ളതായിരിക്കും. അതത്രേ യേശു!

ഇന്നത്തെ വാക്യം നോക്കുക: യോഹ. 15:16-ൽ ഇപ്രകാരം പറയുന്നു ''നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളേ ആക്കിവെച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു

അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നേ. നന്മ ചെയ്യാൻ ദൈവത്താൽ നാം തിരഞ്ഞെടുക്കപ്പെട്ടവർ ആണ്. നാം അവനുമായി

ചേർന്നിരിക്കുമ്പോൾ അത് ചെയ്യുവാൻ ഉള്ള ശക്തിയും ആശയങ്ങളും അവൻ നമുക്ക് നൽകുന്നു.

ട്രിക്ക്(കൌശലം)

നമുക്ക് ഒന്നും ചെയ്യാനില്ലാത്തതിനാൽ ക്രിസ്ത്യാനി ആയിരിക്കുന്നത് ഒരു വിരസത ഉളവാക്കുന്നതാണ് എന്നാണ് അനേകർ ചിന്തിക്കുന്നത്. ഈ കവർ പോലെ ശൂന്യമായി തോന്നും. എന്നാൽ അതല്ല കാര്യം ദൈവം വളരെ പ്രധാനപ്പെട്ട പല കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് തന്നിട്ടുണ്ട്. (കവറിന്റെ മറുവശം തുറന്നു നിറമുള്ള പേപ്പർ ഷീറ്റുകൾ പുറത്തെടുത്ത് അതിലെഴുതിയിരിക്കുന്ന നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ വായിച്ച് അത് സദസിലുള്ളവർക്ക് എറിഞ്ഞുകൊടുക്കുക.)

യോഹ. 15:8 വളരെ പ്രത്യേകമായുള്ള ചില കാര്യങ്ങൾ എടുത്തു പറയുന്നു. ദൈവത്തോട് കൂടെ വസിച്ച് നല്ല ഫലം പുറപ്പെടുവിക്കുമ്പോൾ നാം ദൈവത്തിനു മഹത്വം നൽകുന്നു. പത്രോസിന്റെ പിന്നീടുള്ള ജീവിതത്തിൽ നിന്നുള്ള ഉദാഹരണം നമുക്ക് കാണാം. ദൈവം നല്ലവൻ എന്ന് ആളുകൾക്ക് പറയാൻ കഴിയും. മറ്റുള്ളവർക്ക് നല്ല കാര്യങ്ങൾ ചെയ്തു എന്നെയും നിങ്ങളെയും വീക്ഷിക്കുമ്പോൾ അവർ അവനെ ബഹുമാനിക്കും. ഇത് ആശ്ചര്യമായിരിക്കുന്നു. ഫലം കായ്ച്ച് വിശ്വാസം പ്രവൃത്തിയിൽ കൊണ്ടുവന്ന് നമുക്ക് ദൈവത്തോട് നന്ദിയുള്ളവരായിരിക്കാം!

## ചുറ്റിത്തിരിയുന്ന കേന്ദ്രങ്ങൾ 4

### സിലോ ക്ലാസ് 4

### ചോദ്യോത്തരങ്ങൾ

1.അക്രൈസ്തവരാണോ ക്രിസ്തീയ കൂട്ടുകാരേക്കാൾ കൂടുതൽ നിങ്ങളുടെ പ്രവൃത്തികളെ സ്വാധീനിച്ചത്? തീർച്ചയായും, തന്റെ കുട്ടികൾ മറ്റു ക്രിസ്ത്യാനികളുമായി ബന്ധപ്പെടുന്നു എന്ന ആശയമാണ് ദൈവത്തിനു ഇഷ്ടം. നിങ്ങൾ ചെയ്യുന്നത് പോലെ ലോകത്തെ കാണുന്ന മറ്റുള്ളവരുടെ പിന്തുണ നിങ്ങൾക്ക് ആവശ്യമാണ്. നമ്മുടെ അക്രൈസ്തവരായ സ്നേഹിതർ ക്രിസ്തീയരായവർ ചെയ്യുന്നത് പോലെ അല്ല തീരുമാനങ്ങൾ എടുക്കുന്നത്. ക്രിസ്തീയ സ്നേഹിതർ പൂർണ്ണരാണെന്നും നിങ്ങളെ നിരാശപ്പെടുത്തുകയില്ലെന്നും ഒരിക്കലും അവർക്ക് തെറ്റു പറ്റുകയില്ലെന്നും അർത്ഥമില്ല. എന്നാൽ ശരിയായി യേശുവിനെ അനുഗമിക്കുന്നവർ നിങ്ങളുടെ ഉറച്ച കൂട്ടുകാരായി നിങ്ങൾ ആവശ്യപ്പെടുമ്പോൾ ദൈവവചന പ്രകാരമുള്ള ഉപദേശം തരുന്നവരും ആയിരിക്കും.

2. നിങ്ങളുടെ ജീവിതത്തിൽ നിലനിൽക്കുന്ന ഫലം ഉണ്ടായിരിക്കണം എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്? ബൈബിളിൽ നാം ഫലം കായ്ക്കുന്നവർ ആയിരിക്കണം എന്ന് വായിക്കുമ്പോൾ നാം സുവിശേഷം പങ്കുവയ്ക്കുകയും അങ്ങനെ ആരെങ്കിലും യേശുവിനെ അവരുടെ രക്ഷിതാവായി സ്വീകരിക്കുക എന്നതും ആണെന്ന്

നാം ചിന്തിച്ചേക്കാം നല്ല കാര്യങ്ങൾ ചെയ്യുക, നമ്മുടെ പ്രവൃത്തിയിൽ രൂപാന്തരം വരുത്തുക തെറ്റായ സ്വഭാവങ്ങളെ പിന്തള്ളുക എന്നിവ ഫലം പുറപ്പെടുവിക്കുന്ന മാർഗ്ഗങ്ങൾ ആണ്. ഒരു വല്യമ്മച്ചിയുടെ കയ്യിൽ നിന്നും വാങ്ങിയ സാധനങ്ങൾ ചുമന്നുകൊണ്ട് പോകാനോ നിങ്ങളുടെ ചെറിയ സഹോദരനെ സ്കൂളിലെ ഗൃഹപാഠം പൂർത്തീകരിക്കുന്നതിൽ സഹായിക്കുവാനോ, അധികം ഇല്ലാത്ത ഒരു കുട്ടിക്ക് കാൻഡി വാങ്ങിക്കൊടുക്കുവാണോ നിങ്ങൾക്ക് കഴിയും.

3. ദൈവവും മറ്റുള്ളവരും ആയുള്ള നിങ്ങളുടെ ബന്ധത്തെ സ്വാധീനിച്ച നിങ്ങൾ ചെയ്ത ഒരു കഥ പങ്കുവയ്ക്കുക.

ഒളിക്കയോ ഓടിപ്പോകയോ ചെയ്യാതെ ഒരു കുട്ടിയെ ഒരു ശല്യത്തിൽ നിന്ന് രക്ഷിക്കുന്നതുപോലെ പ്രവർത്തനത്തിനായി തീരുമാനിക്കുന്ന പോലുള്ള ചെറിയ തീരുമാനങ്ങൾ നാം എല്ലാദിവസവും എടുക്കാറുണ്ട്. ശരിയായ രീതിയിൽ പ്രവർത്തിക്കുവാൻ ദൈവം അതിനു നമ്മെ സഹായിക്കുന്നു. അനേക പ്രാവശ്യം അത് നമ്മുടെ അഹങ്കാരത്തെ മറി കടക്കുന്നവയാണ്. കൂടുതൽ കൂടുതൽ നല്ല തീരുമാനങ്ങൾ എടുക്കാൻ ഉള്ള സ്വയ നിയന്ത്രണം ലഭിക്കാൻ ഇത് സഹായിക്കുന്നു.







സൂചിപ്പിച്ചിരിക്കുന്ന ഭാവം പ്രതിഫലിപ്പിക്കത്തക്ക വിധം ദീർഘചതുരാകൃതിയിൽ ഓരോ ചിത്രത്തിനും വാക്കിനും നിറം കൊടുക്കുക.

| | |
|---|---|
| ഞാൻ പണം കണ്ടെത്തി | പാഠമാകുന്നതിൽ ഞാൻ വിജയിച്ചില്ല |
| നാളെ സ്കൂൾ ഉണ്ട് | എന്റെ അടുത്ത സ്നേഹിതൻ അകന്നുപോയി |
| ഒരു കരയുന്ന കുട്ടിയെ കാണുന്നു | എന്നെക്കുറിച്ച് ഒരാൾ അസത്യം പറഞ്ഞു |
| അതെന്റെ ജന്മദിനം ആണ് | ഒരു വിനോദ ചിത്രം വീക്ഷിക്കുന്നു. |

നിങ്ങളുടെ ജീവിതത്തിലെ ഉദാഹരണങ്ങൾ എഴുതി നിങ്ങളുടെ ഭാവങ്ങൾ(വികാരങ്ങൾ)ക്കൊത്തവിധം നിറം നൽകുക.

| | |
|---|---|
| എന്റെ പൂച്ചയെ നഷ്ടപ്പെട്ടപ്പോൾ | ഒരു ചിലന്തി |
| ഞാൻ തളർന്നപ്പോൾ | വീട്ടിൽ ഒന്നും ചെയ്യുന്നില്ല |
| നക്ഷത്രങ്ങൾ നോക്കുന്നു | ഞാൻ ഒരു ഗ്ലാസ് തകർത്തു |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| സം | പ | ത്രോ | സ് | ൺ | പ്ര | സം | ഗം | ർ | പ | ൺ |
| പ | വ് | ആ | വി | ർ | ലം | ശ്വാ | ദ | ൺ | ന | ക |
| ദ | സ്വ | ൾ | മ | സ് | ന | വി | ത്വം | സ്വ | ക്കു | സം |
| ൺ | പ്ന | സ്വ | പ്ന | ക്ക | ത്ത | ലം | സം | ത്ഥി | ഫ | ൾ |
| ൾ | ങ്ങ | ന | ശ | ർ | ദ | ഗം | ർ | ക്ക | ൾ | സ് |
| ഫ | ൾ | ദ | പ | വ് | ൺ | പ്രാ | സ്വ | വി | ക്ഷ | ദ |
| സം | പ്ന | ൾ | ക്ക | ത്ത | ത്വം | ദ | ആ | ലം | മ | പ |
| ൾ | ക്ക | മ | ൺ | പെ | വ് | സം | പ്ന | മ | ൺ | ൺ |
| മ | വി | ഹ | സ് | ദ | ർ | സ്വ | വ് | ത്മാ | ആ | വ് |
| സ്വ | ആ | ത്വം | ലം | ൺ | പ | ൺ | ഫ | സ് | ർ | ഫ |
| പ | ന | പ്ര | വ | ർ | ത്ത | ന | ങ്ങ | ൾ | ആ | ലം |
| ൺ | യൗ | വ | നം | വ് | ൾ | ദ | പ | മ | വി | ൺ |

## പത്രോസിനോടൊപ്പം ഉല്ലാസ യാത്ര

### ഫ്രൂട്ട് സ്കീവർ



ചേരുവകൾ:

- സ്കീവർ പോലുള്ള സ്റ്റിക്കുകൾ
- വിവിധ തരത്തിലുള്ള ഫലങ്ങൾ

നിർദ്ദേശങ്ങൾ:

- ഫലത്തെ ചെറിയ സമചതുരങ്ങൾ ആയി മുറിക്കുക
- ഓരോ കുട്ടികൾക്കും ഓരോ സ്റ്റിക്ക് നൽകുക
- അവർക്കിഷ്ടമുള്ള ഫലത്തിന്റെ കഷണങ്ങൾ എടുത്ത് സ്റ്റിക്ക് നിറയുന്നതുവരെ അതിൽ കുത്തിക്കയറ്റുക
- നമുക്ക് സന്തോഷിക്കാം.

## പത്രോസുമൊത്തൊരു നാടകം




പത്രോസ് ശക്തിയോടെ പ്രസംഗിക്കുന്നു. (അപ്പോ. 2:14-41) രംഗം: ഇപ്പോൾ പത്രോസിനു മെക്സിക്കോ (നിങ്ങളുടെ രാജ്യത്തിന്റെ പേര് പറയുക) മുഴുവനും പ്രക്ഷേപണം(ഇന്റർനെറ്റ് പ്രക്ഷേപണം) നടത്താൻ ഒരു വലിയ അവസരം ഉണ്ട്. അവൻ തന്റെ സ്വന്തം വീഡിയോകൾ നിർമ്മിച്ച് അത് യൂറ്റൂബിൽ അപ് ലോഡ് ചെയ്യാറുണ്ട്. ഒരു ദിവസം യൂറ്റൂബിലേക്കുള്ള ഒരു പ്രത്യേക വീഡിയോ (ഈ വീഡിയോയ്ക്ക് യേശുവിന്റെ പേജുമായി ഒരു ലിങ്ക് ഉണ്ട് ) തയ്യാറാക്കിക്കൊണ്ടിരുന്നപ്പോൾ ഒരു പ്രശസ്ത സിഎൻ എൻ പത്രപ്രവർത്തകർ അവന്റെ

ഓഫീസിലേക്ക് വരുന്നു. അന്തർദേശീയമായി വാർത്തകളിൽ വീഡിയോ അവതരിപ്പിക്കാനും താൻ ചെയ്യുന്നതും ഈ വീഡിയോയുമായി ബന്ധപ്പെട്ട കാര്യങ്ങളും അതിൽ ഉൾപ്പെടുത്താനുമുള്ള ഒരു അവസരം ഈ പത്രപ്രവർത്തകൻ പത്രോസിനു നൽകുന്നു. പത്രോസ് അതിൽ പ്രചോദിതൻ ആയി. ടെലിവിഷന് വേണ്ടി റിക്കോർഡ് ചെയ്യുവാൻ പുറപ്പെടുന്നു. നേരിട്ടുള്ള സംപ്രേഷണം തുടങ്ങിയപ്പോൾ ടിവിയിൽ താൻ എന്ത് ചെയ്യാൻ പോകുന്നു എന്ന് പങ്കുവച്ച് പത്രോസ് വികാരധീനനാകുന്നു.

- തുടക്കത്തിൽ പത്രോസ് ദേശത്തിലെ കേൾവിക്കാരെ അഭിവാദനം ചെയ്യുകയും പെട്ടെന്ന് മെക്സിക്കൻ (മറിയാച്ചി)രീതിയിൽ അട്ടഹസിച്ച് അഭിവാദ്യം ചെയ്യുന്നു. (നിങ്ങളുടെ രാജ്യത്തെ രീതിയിലുള്ള അട്ടഹാസ ശബ്ദങ്ങളും ശൈലികളും ഉപയോഗിക്കാം.)
- അവൻ തന്റെ പ്രഭാഷണം ഒരു പ്രവചനത്തോട് കൂടി തുടങ്ങുന്നു.

  എന്റെ പ്രിയ സ്നേഹിതരേ.. ''അവസാന നാളുകളിൽ, ദൈവം പറയുന്നു, "അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൌവ്വനക്കാർ ദർശനങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും."
  എന്റെ ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും; അവരും പ്രവചിക്കും.
  ഞാൻ മീതെ ആകാശത്തിൽ അത്ഭുതങ്ങളും താഴെ ഭൂമിയിൽ അടയാളങ്ങളും കാണിക്കും; രക്തവും തീയും പുകയാവിയും തന്നേ.
  കർത്താവിന്റെ വലുതും പ്രസിദ്ധവുമായ നാൾ വരുംമുമ്പേ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും.
  എന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും എന്നു ദൈവം അരുളിച്ചെയ്യുന്നു." അപ്പൊ.പ്രവൃ 2:17-21.
- നാം പ്രാർത്ഥിക്കേണ്ട ഏകനായൊരു രാജാധിരാജാവ് ആണെന്നും പത്രോസ് യേശുവിനെക്കുറിച്ച് പറയുന്നുണ്ട്. മറ്റു അനേക വാക്കുകളിലൂടെ മുന്നറിയിപ്പ് നൽകുന്നു.

  അവസാനമായി, പത്രോസ് അതിന്റെ ഫലവും പങ്കുവയ്ക്കുന്നു:
  അന്തർദേശീയ ടെലിവിഷനിലൂടെ പത്രോസിന്റെ സന്ദേശം പ്രക്ഷേപണം ചെയ്യപ്പെട്ടപ്പോൾ പത്രോസിന്റെ ഇന്റർനെറ്റ് ഉപയോഗിക്കുന്ന ചില കൂട്ടുകാർ അവരുടെ ഓഫീസിൽ പ്രാർത്ഥന ടെലിത്തോൺ ആരംഭിച്ചു. അനേകർ പത്രോസിന്റെ സന്ദേശം ചോദിച്ച് അതേദിവസം ഫോണിലൂടെ അനേകർക്ക് വേണ്ടി പ്രാർത്ഥിച്ചു. വാസ്തവത്തിൽ 3000 പേർ ആ ദിവസം രക്ഷിക്കപ്പെട്ടു.(അതിന്റെ ഫലപ്രാപ്തിയിൽ പത്രോസ് ഉച്ചത്തിൽ ആവേശഭരിതനായി ചാടി എഴുന്നേറ്റു).

ബാൺ ക്രാഫ്റ്റ് 4

## മുന്തിരി



1.ഇന്റർനെറ്റിൽ കാണുന്ന മാതൃക പോലെ വെള്ള കടലാസിൽ മുന്തിരിക്കുല പ്രിന്റ് ചെയ്ത് ഓരോ കുട്ടിക്കും 3 വീതം കൊടുക്കുക.

2. കാരറ്റ് ഒരുപോലെ ഉപയോഗിക്കത്തക്കവണ്ണം മുറിച്ച് കാരറ്റുകൊണ്ടുള്ള സ്റ്റാമ്പ് ഉപയോഗിച്ച് 3 മുന്തിരിക്കുലക്കും പെയിന്റിൽ മുക്കി കാരറ്റ് സ്റ്റാമ്പ് കൊണ്ട് അലങ്കരിക്കുക.

3. ചെറിയ ചുരുണ്ട പച്ചനിറത്തിലുള്ള ക്രേപ്പ് പേപ്പറോ റ്റിഷ്യൂ പേപ്പറോ ഉപയോഗിച്ച് മുകൾ വശം ഒട്ടിക്കുക.

4. ചുരുണ്ട പച്ചനിറമുള്ള റിബൺ ഒട്ടിക്കുക.

5. ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ 3 മുന്തിരിക്കുലകളും മടക്കി ഒരുമിച്ച് ഒട്ടിച്ച് ചേർക്കുക.

## ഹസ്തദാനം ചലനങ്ങളോടെ

ദിവസം 4: പാസ്സ് ചെയ്യുന്നത്




ഒരാൾ മറ്റൊരാളിന്റെ പിൻവശം അഭിമുഖമായി വരത്തക്കവിധം വലക്കൈ ഉച്ചത്തിലും പതുക്കെ തിരിയുമ്പോൾ മുറുക്കയും കൊട്ടുക.

കൈത്തലം മുകളിലേക്കുയർത്തി ഒരാൾ അവരുടെ പിൻവശത്തേക്ക് നീട്ടി മറ്റൊരാൾ 5 രീതിയിൽ മൃദുവായി കൈ കൊട്ടുന്നു.

മുന്തിരിത്തോട്ട ഗയിമുകൾ 4

## കാർട്ടൂൺ ബെയ്സ് ബോൾ






കുട്ടികൾക്ക് വിനോദം ഉളവാക്കുന്ന പ്രത്യേക തരത്തിലുള്ള ബേയ്സ് ബോൾ കളിയാണിത്. തുടങ്ങുന്നതിനു മുമ്പ് 2 ഡിസ്പോസിബിൾ പ്ലേറ്റുകൾ ഒന്നിച്ച് ടേപ്പ് കൊണ്ട് ഒട്ടിച്ച് ഒരു വിദ്യാർത്ഥിക്കോ വിദ്യാർത്ഥിനിക്കോ അവരുടെ കൈ ഇടത്തക്കവിധം സ്ഥലം ഉണ്ടാകുന്ന വിധത്തിൽ ഒന്നോ രണ്ടോ ബോളുകൾ ഉണ്ടാക്കുക. നല്ല കാറ്റില്ലാത്ത സ്ഥിതി ആണെങ്കിൽ ബോളിനായി ബലൂൺ ഉപയോഗിക്കുകയോ പേപ്പർ ചുരുട്ടി ഒരു പേപ്പർ ഉണ്ടാക്കുകയോ ചെയ്യുക. ബേയ്സ് ബോൾ കളിയുടെ സാധാരണ നിയമങ്ങൾ

പാലിക്കയോ അല്ലെങ്കിൽ അതിനു മാറ്റം വരുത്തുകയോ ചെയ്യുക. മാറ്റുവാൻ സാദ്ധ്യതയുള്ള ഒന്ന് ബേസുകളുടെ എണ്ണത്തിൽ മാറ്റമോ പിന്നോട്ട് ഓടുകയോ ചെയ്യാം എന്നത് ഒരു ഉദാഹരണമാണ്.

### ഗാനത്തോടൊപ്പം സമാപനവും പാവകളിയും 4



കോഴി ഹലോ ഗയ്സ്, നമുക്ക് എന്ത് തീരുമാനിക്കാൻ കഴിയുമെന്ന് മനസിലാക്കിയ നിങ്ങൾ ഞങ്ങൾക്കൊപ്പം ഉണ്ടെന്നത് ഏറ്റവും നല്ല കാര്യം തന്നെ. ഞാൻ എന്റെ കൂട്ടുകാരനെ പ്രതീക്ഷിച്ചിരിക്കയാണ് അവൻ തീർച്ചയായും ആശയക്കുഴപ്പത്തിൽ ആണ്. (പാവകൾക്ക് ഒരു പ്രത്യേക അന്തരീക്ഷം ഉളവാകണമെങ്കിൽ  നിങ്ങൾക്ക് ഗോളിവുഡ് മോഡലിലുള്ള സംഗീതമോ പൌഡർ ഉപയോഗിച്ചോ പുകപോലെ ഉണ്ടാക്കി കുതിരയുടെ പ്രവേശന വിളംബരം നടത്തണം.)

കുതിര: അല്ലെങ്കിൽ അങ്ങനെയല്ല ലുക്ക് ഞാൻ നിങ്ങളുടെ പിതാവാണ്(കറുത്ത കണ്ണട വച്ച് കുതിര പ്രവേശിക്കുന്നു) ആർക്കെങ്കിലും ഓട്ടോഗ്രാഫ് വേണോ? ചിത്രങ്ങൾ വേണ്ട.

കോഴി: കുതിര എന്താണ് നിങ്ങളുടേത് എനിക്കറിയാം? ആ കറുത്ത കണ്ണട വച്ച് നോക്കിയാൽ നിങ്ങൾക്ക് ഒന്നും കാണാൻ കഴികയില്ല. ഞങ്ങൾ ഇപ്പോൾ തന്നെ വി.ബി.എസിലുണ്ട്.

കുതിര: എനിക്കറിയാം(ഒരു അഭിനേതാവിന്റെ ശബ്ദത്തിൽ) ഇന്നത്തെ ചിന്താവിഷയം അത് ആയതിനാൽ ഞാൻ പ്രവർത്തിക്കുവാൻ തീരുമാനിക്കുന്നു.

കോഴി: കുതിര, അതിന്റെ അർത്ഥം നിങ്ങൾ ഒരു നടനായിത്തീരുവാൻ തീരുമാനിച്ച എന്നല്ല. യോഹ.15: 16-ൽ അത് വിശദീകരിക്കുന്നു നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളേ ആക്കിവെച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നേ. ദൈവം നിങ്ങളെ പ്രവർത്തിക്കാൻ തിരഞ്ഞെടുത്തു തിയേറ്ററിൽ അഭിനയിക്കാനല്ല നാം നമ്മുടെ പ്രവർത്തനങ്ങൾ ദയയിലൂടെയും സ്നേഹത്തിലൂടെയും വിശ്വാസത്തിലൂടെയും പ്രദർശിപ്പിച്ച് ജീവിക്കുവാൻ നമ്മളോട് നിർദ്ദേശിച്ചിരിക്കുന്നു. ക്രിസ്തു നമ്മിൽ വസിക്കുന്നു എന്ന് നാം കാണിക്കേണ്ടിയിരിക്കുന്നു.

കുതിര: അതിനാൽ ഒരു വലിയ കുട്ട നിറച്ച് ഫലങ്ങൾ വാങ്ങേണ്ട ആവശ്യം ഇല്ല.

കോഴി: ഇല്ല തീർച്ചയായും ഇല്ല ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ എത്രയും കൂടുതൽ നാം മറ്റുള്ളവരെ സ്നേഹിക്കുന്നുവോ നാം കൂടുതൽ അവനെപ്പോലെ ആയി അധികം അവനെപ്പോലെ പ്രവർത്തിക്കുന്നു.

കുതിര: അപ്പോൾ എനിക്കൊരു പ്രശ്നമുണ്ട്!

കോഴി: എന്താ അത്?

കുതിര: കൊള്ളാം ഞാൻ ഓൺ ലൈനിൽ ഒരു ടൺ മുന്തിരി ഓർഡർ ചെയ്തിട്ടുണ്ട്. നിങ്ങൾക്കറിയാം എനിക്ക് സഭയിലേക്ക്വേണ്ടി കുറെ അധികം മുന്തിരി കൊണ്ടുവരണമെന്നുണ്ട്.

കോഴി: ഓ കുതിര- നിങ്ങൾ അതുല്യനാണ്(2 പേരും രംഗത്ത് നിന്ന് പോകുന്നു).

# പാഠം- 5

## തലവാചകം 5

**ഞാൻ ആശ്രയിക്കാൻ തീരുമാനിക്കുന്നു(തിരഞ്ഞെടുക്കുന്നു)**


പത്രോസ് വെള്ളത്തിന്മേൽ നടക്കുന്നു

മത്തായി 14 :22-36

## വാക്യം 5

''ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല.'' യോഹ: 15:5

## കൌശലം 5




ഇതിനു നിങ്ങൾക്ക് വേണ്ടത് ലെറ്ററിന്റെ വലിപ്പത്തിലുള്ള ഒരു ഷീറ്റ് കടലാസും ഒരു ബാഗുമാണ്. കുട്ടികളുടെ മുന്നിൽവച്ച് വരചിരിക്കുന്നതുപോലെ നിങ്ങൾ ആ കടലാസിനെ 9 ആയി കീറുന്നു. 9 കുട്ടികൾ മുമ്പോട്ട് വന്ന് കീറിയ ആ പേപ്പറിൽ അവരുടെ പേരുകൾ എഴുതാൻ ആവശ്യപ്പെടുക. എന്നിട്ട് അവ ഒരു ബാഗിൽ ഇട്ടുവയ്ക്കുക. 9 കഷണങ്ങളിൽ ഒരെണ്ണത്തിന്റെ 4 ഭാഗങ്ങൾ കീറിയിരിക്കുന്നതിനാൽ ഈ ട്രിക്ക് എളുപ്പമാണ്. സൂക്ഷ്മതയോടെ 4 ഭാഗം കീറിയിരിക്കുന്ന കുട്ടിയെ നോക്കി ആ കുട്ടിയെ നോക്കാതെ ആ കുട്ടിയുടെ പേപ്പർ ബാഗിൽ നിന്ന് തിരഞ്ഞെടുക്കുക(നോക്കാതെ 4 ഭാഗം കീറിയ കടലാസ് കഷണം കണ്ടുപിടിക്കുന്നത് എളുപ്പമാണ്). തീർച്ചയായും കുട്ടിയുടെ ഷീറ്റ് ബാഗിനകത്തിട്ട് ശ്രദ്ധമായി നോക്കിയാൽ ആ ട്രിക്ക് അസാദ്ധ്യമായിത്തീരും.:)

## പ്രധാന പാഠം 5



''നമുക്ക് കൃഷിത്തോട്ടത്തിലേക്ക് പോകാം'' എന്ന വി.ബി.എസിന്റെ സമാപന ദിനത്തിലേക്ക് സ്വാഗതം. ഈ ആഴ്ചയിലെ പാഠങ്ങൾ നിങ്ങൾ ഓർക്കുന്നുണ്ടോ എന്ന് നമുക്ക് നോക്കാം.

ആരാണ് മുന്തിരിവള്ളി? (യേശു)

ആരാണ് കൊമ്പുകൾ? (നമ്മൾ)

എന്താണ് നമുക്ക് വേണ്ടത്? (അവനിൽ വസിക്കുക)

അവനിൽ വസിച്ചാൽ എന്ത് സംഭവിക്കും? (നമ്മൾ ഫലം കായ്ക്കും)

അവസാനത്തെ ചോദ്യം- നമുക്ക് മറ്റെന്തെങ്കിലും വഴിയുണ്ടോ? (ഇല്ല നമുക്കില്ല)

ഇത് വാക്യത്തിന്റെ അവസാന ഭാഗം ആണ്... ''എന്നെക്കൂടാതെ നിങ്ങൾക്കൊന്നും കഴികയില്ല.'' ഇവിടെയിതാ മുഴുവൻ വാക്യവും ''ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല.''

യേശുവിനെക്കൂടാതെ അല്പമെങ്കിലും ചെയ്യാൻ കഴിയും എന്ന് ആണോ നിങ്ങൾ ഞങ്ങളോട് പറയുന്നത്??? അല്ല !!

നമുക്ക് വേണ്ടി എന്താണ് ചെയ്യാൻ കഴിയുന്നത് ഒന്നും കഴികയില്ല.

തോട്ടത്തിലുള്ള മുന്തിരിച്ചെടിയിൽ നോക്കുമ്പോൾ അത് എത്ര സ്പഷ്ടമായിരിക്കുന്നു. മുന്തിരിച്ചെടിയുടെ ചില കൊമ്പുകൾ മുറിച്ചാൽ അത് ഉണങ്ങി നശിച്ചുപോകും. ഈ കൊമ്പുകൾക്ക് ഫലം പുറപ്പെടുവിക്കാനോ കർഷകന് ഒരിക്കലും വിലയുള്ളതായിത്തീരാനോ കഴികയില്ല. ഇന്നത്തെ ലോകത്ത് ബന്ധം വിച്ഛേദിക്കപ്പെട്ട് ക്ഷീണിതരായിത്തീരുന്നത് എളുപ്പമാണ്. നമ്മുടെ മാതാപിതാക്കളെ അനുസരിക്കാനും, സഭയിൽ പോകുവാനും തുടങ്ങി നന്നായി പെരുമാറാൻ ആളുകൾ നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു എങ്കിലും അത് വളരെ പ്രയാസമുള്ള ഒന്നത്രേ. മുന്തിരിവള്ളിയുമായുള്ള ബന്ധം നാം വേർപെടുത്തിയാൽ എല്ലാ കാര്യങ്ങളും ശരിയായി ചെയ്യാൻ നമുക്ക് കഴികയില്ല. ക്രിസ്തുയേശുവിന്റെ ശക്തിയാൽ മാത്രമാണ് കൂടുതൽ ഫലം ഉളവാക്കുന്ന ഒരു നല്ല ജീവിതം കാഴ്ചവെക്കാൻ നമുക്ക് കഴിയുകയുള്ളൂ. യേശുവിൽ ആശ്രയിക്കുന്ന ഒരു ജീവിതം നാം തിരഞ്ഞെടുക്കണം വാസ്തവത്തിൽ ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രയാസമേറിയ ഒന്നത്രേ. എന്നാൽ ദൈവത്താൽ എല്ലാം സാദ്ധ്യമാണ്. ദൈവവുമായി ബന്ധപ്പെട്ടു ദൈവത്തിൽ വസിക്കണം എന്നത് ഇവിടെ വ്യക്തമാകുന്നു. നമ്മുടെ പ്രധാന ആവശ്യകത യേശുവിനോട് ബന്ധപ്പെട്ടിരിക്കുന്നതോ മുന്തിരിവള്ളിയുമായി സമ്പർക്കം പുലർത്തുന്നതാണോ എന്ന കാര്യം ഈ വാക്യത്തിൽ നമുക്കു കാണാൻ കഴിയും. നമ്മുടെ പ്രധാന ആവശ്യകത യേശുവിനോട് ബന്ധപ്പെട്ടിരിക്കുന്നതോ മുന്തിരിവള്ളിയുമായി സമ്പർക്കം പുലർത്തുന്നതാണോ എന്ന കാര്യം ഈ വാക്യത്തിൽ നമുക്കു കാണാൻ കഴിയും. ഈ വാക്യം മന:പാഠം ആകുന്നു എന്ന് നമുക്ക് ഉറപ്പ് വരുത്താം ''ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല.'' യോഹ.15:5 ഇന്ന് പത്രോസ്, താൻ അഭിമുഖീകരിച്ച ഒരു വിഷയം നിങ്ങളോട് പറയാൻ പോകുന്നു. വെള്ളത്തിൽ നടക്കുന്നത് അവൻ അത് ചെയ്തു! പത്രോസ് പടക് വിട്ട് വെള്ളത്തിന്മേൽ നടന്നു!!! സാധാരണ പത്രോസിന് ഉണ്ടായത് പോലെ വെള്ളത്തിന്മേൽ നടക്കുക എന്ന ഒരു പ്രശ്നത്തെ നാം സാധാരണയായി അഭിമുഖീകാറില്ല, എന്നാൽ അസാദ്ധ്യമായ ചിലതുൾപ്പെടെ അനേക വെല്ലുവിളികൾ നാം അഭിമുഖീകരിക്കാറുണ്ട്. ചിലരോട് ക്ഷമിക്കുവാനും നിന്റെ

പോക്കറ്റിലുള്ള അവസാനത്തെ നാണയം നൽകുവാനോ ഒരു പൂർണ്ണതയുള്ള ക്രിസ്തീയ ജീവിതം നയിക്കുവാണോ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. അസാദ്ധ്യമായവ നമുക്ക് ചെയ്യാൻ കഴിയും എന്നാൽ യേശുവില്ലാതെ അതിനു നിനക്ക് കഴിയുമോ? ഇല്ല! ദൈവം ആവശ്യപ്പെടുന്നതുപോലെ ജീവിക്കുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ അതിനു വേറെ ഏതെങ്കിലും വഴികൾ സ്വീകരിക്കുവാൻ കഴിയുമോ?ഇല്ല! തീർച്ചയായും യേശുവുമായുള്ള ബന്ധത്തിൽ നാം ആയിരിക്കുക തന്നെ വേണം!!!

കൌശലം(ട്രിക്ക്)

ഇപ്പോൾ ഞാൻ അസാദ്ധ്യമായ ഒരു കാര്യം കാണിക്കാൻ പോകയാണ്.( 9 കുട്ടികളെ വിളിച്ച് നിങ്ങൾ പേപ്പർ കീറിക്കൊണ്ട് ഓരോ കഷണവും ഓരോരുത്തരുടെ കയ്യിൽ കൊടുത്ത് അതിൽ അവരുടെ പേരെഴുതി ഒരു ബാഗിൽ നിക്ഷേപിക്കാൻ പറയുക). ജോസഫ് എന്ന പേരുള്ള കടലാസ് എനിക്ക് തിരഞ്ഞെടുക്കാൻ കഴിയും(4 വശവും കീറിയ പേപ്പർ  കഷണം കയ്യിലുള്ള കുട്ടി) അതെ ഇതാണത്. അതെ പ്രയാസമുള്ള ഒരു കാര്യം എനിക്ക് ചെയ്യാൻ കഴിഞ്ഞു. ഞാൻ മുന്തിരിവള്ളിയുടെ അടുക്കൽ ചെന്നിട്ടുണ്ട്: യേശു !!!!! ഞാൻ ആശ്രയിക്കുന്നത് ഞാൻ തിരഞ്ഞെടുക്കുന്നു!

ഈ ആഴ്ചയിലെ പാഠങ്ങൾ ഒന്നുകൂടി അവസാനമായി ആവർത്തിക്കുക...

ആരാണ് മുന്തിരിവള്ളി? (യേശു) ആരാണ് കൊമ്പുകൾ? (നമ്മൾ) എന്താണ് നാം ചെയ്യേണ്ടത്? (അവനുമായി ബന്ധപ്പെട്ടിരിക്കുക) അങ്ങനെ ആയാൽ എന്താണ് സംഭവിക്കുന്നത്? (നമ്മൾ ഫലം കായിക്കും) മറ്റെന്തെങ്കിലും പോംവഴിയുണ്ടോ? (!ഇല്ല!).

## ഭ്രമണ കേന്ദ്രങ്ങൾ 5

### സിലോ (നിലവറ) ക്ലാസ് 5

### ചോദ്യങ്ങളും ഉത്തരങ്ങളും





1. രാജ്യ വ്യത്യാസങ്ങൾ ഇല്ലാതെ ദൈവവുമായി ബന്ധത്തിൽ ആയിരിക്കുന്നത് എന്തുകൊണ്ട് പ്രയാസമേറിയത് ആകുന്നു?

അദ്ധ്യാപകരെ, നാം കുട്ടികളുടെ പ്രവർത്തനങ്ങളെ വിധിക്കാതെ ദൈവവചനത്തിലൂടെ സ്നേഹത്തിൽ അവർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം. ഉദാഹരണത്തിന് ഞായറാഴ്ചയിലെ രണ്ടോ മൂന്നോ മണിക്കൂർ മാത്രമുള്ള ആരാധന ആഴചയിലെ 6 ദിവസം ദൈവവുമായി ബന്ധത്തിനു പകരം വക്കാനാവില്ല. എത്രയോ അവസരങ്ങളിൽ പ്രഭാതത്തിൽ ദൈവവുമായി സമയം ചിലവഴിക്കാതെ ആദ്യം തന്നെ ഫോണെടുത്ത് സമൂഹ മാദ്ധ്യമങ്ങൾ പരിശോധിക്കുകയും ചിലപ്പോൾ ചിന്തകളിൽ ലക്ഷ്യംവച്ച് ശൈലികളിലും പ്രതിബിംബങ്ങളിൽ ഊന്നി ദൈവ സാന്നിദ്ധ്യത്തിൽ പ്രവേശിക്കാതെ നാം ആയിത്തീരുന്നു.

2. വിഷമഘട്ടങ്ങൾ കടന്നു വരുമ്പോൾ ദൈവവുമായുള്ള ബന്ധം നഷ്ടപ്പെടാൻ തുടങ്ങുകയോ നഷ്ടപ്പെടുകയോ ചെയ്യുമ്പോൾ നിങ്ങൾ എങ്ങനെ ഉറച്ചു നില്ക്കും? പരിശോധനകളോ വിഷമഘട്ടങ്ങളോ വരുമ്പോൾ നിങ്ങൾ തനിയെ അല്ലെന്നും ജീവിതത്തിലെ പ്രശ്നങ്ങൾ എല്ലാം പരിഹരിക്കുവാൻ തക്കതായി നിങ്ങൾ സ്വയം പര്യാപ്തർ അല്ലെന്നും ഓർക്കുക. പത്രോസ് വെള്ളത്തിന്മേൽ നടന്നു. അത് അത്ഭുതം തന്നെ. എന്നാൽ സംശയങ്ങളും ഭയവും അവനെ മൂടിയപ്പോൾ അവൻ താണുപോയി. അവന്റെ കരം പിടിച്ച് വെള്ളത്തിൽ നിന്നും ഉയർത്തി അവന്റെ ഏറ്റവും ഉത്തമമായ സഹായം കർത്താവായ യേശു ആയിരുന്നു. നിങ്ങൾക്ക് വേണ്ടി നീട്ടപ്പെട്ട കാരത്തിൽ പിടിച്ചുകൊള്ളുക.

3. ദൈവത്തിനു മാത്രം തരാൻ കഴിയുന്ന എന്ത് കാര്യങ്ങൾ ആണ് നിങ്ങൾക്ക് ആവശ്യമായിരിക്കുന്നത്? നിങ്ങളുടെ യൌവനവും ശക്തിയും സൗന്ദര്യവും പൂർണ്ണമായി അനശ്വരമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ. വാസ്തവത്തിൽ ദൈവത്തെക്കൂടാതെ നമുക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല. വസ്തുവകകളും കാറും വസ്ത്രങ്ങളും ഒന്നിനും കുറവില്ലാത്തവരും ആയ അക്രൈസ്തവരെ നിങ്ങൾ കണ്ടിട്ടുണ്ടോ. എന്നാൽ ഒരു ക്രിസ്ത്യൻ പൈതലായ നിങ്ങൾക്ക് ആവശ്യമുള്ളത് പോലും ഇല്ല. ദൈവത്തിൽ ആശ്രയിക്കുന്നത് നീതിയുക്തമല്ലെന്ന് ചിലപ്പോൾ ചിന്തിച്ചേക്കാം; എന്നാൽ അനേകർക്ക് അവരുടെ മനസ്സിൽ സമാധാനം ഇല്ല എന്നും സ്നേഹ ശൂന്യരായി മാറുകയും മറ്റുള്ളവരോട് ക്ഷമിക്കാതെ ധനസമ്പാദനം മാത്രം ചിന്തിക്കയും അവർക്ക് ലഭിക്കാവുന്ന ജീവിതം അവർ മറന്നുപോകയും ചെയ്യുന്നു.




**എന്റെ നല്ല ഗുണങ്ങൾ**

ഉദാ: ഞാൻ സത്യസന്ധൻ ആണ്

**എനിക്ക് വളരണം**


ഉദാ: ക്ഷമയോടെ ഇരിക്കുക

**എനിക്ക് പ്രയാസമാണ്**


ഉദാ: അനുസരണം







| | | | | | | | | |
|---|---|---|---|---|---|---|---|---|
| സ് | ത്രോ | പ | ട്ട | ണ്ട | ര | ല്ല | വ | ഫ |
| ഭ | ദി | യം | മി | ട | മി | ണ്ട | ക്ക | ലം |
| ണ്ട | തി | ല്ല | ക | ന്ന | വി | ഭ | കൊ | ന്യ |
| ര | ര | ന്യ | ഒ | ശ് | ന്ന | യം | ന്യ | ന്യ |
| ക്ക | ഞ്ഞ | ന്യ | ട്ട | സ്സ | ക്ഷി | ക്ക | ക | ല്ല |
| വ | ട്ട | വി | വെ | ണ്ട | ള്ളം | സ്സ | ശ് | ദി |
| യം | ക്ക | ലം | ര | ണ്ട | ര | ണ്ട | ക | ന്ന |
| സ്സ | ൽ | വ | ശ് | യം | തി | ലം | മി | ള്ളി |
| മി | ണ്ട | ട്ട | ദി | ന്യ | ന്യ | യം | ട്ട | വ |
| ശ്രു | ള്ളം | ശ്രു | ക് | ന | യേ | ഭ | വ | രി |
| ട്ട | യേ | ഭ | സ്സ | ട | ട | വെ | യം | ന്തി |
| വ | ക | യം | ക്ക | ക്ക | പ | ല്ല | ണ്ട | മ്മ |
| വി | ഷെ | ദി | ക്ക | ക | ട്ട | ക | ര | ക്ക |
| സ്സ | ന്യ | ദി | മി | യം | വി | ള്ളം | വെ | ശ്രു |



## പത്രോസുമൊത്തൊരു വിനോദ യാത്ര 5

### ജൽ-ഒ-ഷിപ്പ്

ചേരുവകൾ:



- ഗ്ലാസോ, സുതാര്യമായ പ്ലാസ്റ്റിക് കണ്ടയ്നറും ഒരു കുട്ടിക്ക് ഒരു സ്പൂൺ വീതവും
- നീല ജലാറ്റിൻ, ഓറഞ്ച് സെക്ഷൻ, ഗമ്മി ബെയർ, ടൂത്ത് പിക്കും കടലാസും

നിർദ്ദേശങ്ങൾ

- ഓരോ കുട്ടിക്കും ഓരോ ഗ്ലാസ് ജലാറ്റിൻ വീതം നൽകുക.
- ഒരു ഓറഞ്ചിന്റെ കഷണം, 2 ഗമ്മി ബെയർ, ഒരു ടൂത്ത് പിക്ക് ഒരു പേപ്പർ കഷണം എന്നിവ ഓരോ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യാം

- ഓറഞ്ചു ഒരു ബോട്ട് പോലെ, ഒരു ടൂത്ത് പിക്കും പേപ്പറും ഒരു കൊടിപോലെയും ചെറിയ ഗമ്മി ബെയറുകൾ പത്രൊസിനെയും യേശുവിനെയും പ്രതിനിധീകരിക്കുകയും ചെയ്യാം.
- ഇപ്പോൾ നമുക്ക് ആരംഭിക്കാം!

## പത്രോസുമൊത്തൊരു നാടകം




പത്രോസ് വെള്ളത്തിന്മേൽ നടക്കുന്നു. (മത്താ 14:22)

രംഗം: അനേക വീടുകളേയും സമീപ പ്രദേശങ്ങളെയും നശിപ്പിക്കുന്ന സമുദ്രത്തിൽ നിന്ന് രൂപം കൊണ്ട് കരകളിൽ നാശം വിതക്കുന്ന ''വൻ നശീകരണക്കാരൻ'',എന്ന പേരിൽ ഒരു ചുഴലിക്കാറ്റു വരുന്നതായി സദസ്യരെ അറിയിക്കുക.

ഏതെങ്കിലും ബോട്ടുകളിലോ പ്രത്യേകിച്ച് ലോഗോസ് കപ്പലിലോ ആരും ഇപ്പോൾ യാത്ര ചെയ്യരുതെന്ന് ആ വാർത്തയിൽ അഭിപ്രായപ്പെടുന്നു. (നിങ്ങൾക്ക് ബോട്ടിന്റെയോ കൊടുങ്കാറ്റിന്റെയോ പ്രത്യേക ശബ്ദം കണ്ടെത്താൻ കഴിയുമെങ്കിൽ അത് കൂടുതൽ ശ്രദ്ധ ഉളവാക്കും)

- യേശു പത്രോസിനേയും ചില ചെറുപ്പക്കാരെയും താൻ പറയുവാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങൾക്കായി ക്ഷണിക്കുന്നു. അവർ ആദ്യമേ പോകുമ്പോൾ യേശു അവരുടെ അടുത്തെത്തുകയും ലോഗോസ് ബോട്ട് ടിക്കറ്റ് വാങ്ങുകയും അടുത്ത ദിവസം ഡോക്കിക്ക് (നിങ്ങളുടെ സമീപം ഉള്ള ഒരു തുറമുഖത്തിന്റെ പേർ എഴുതുക) വിടുകയും ചെയ്യുന്നു. യേശു മെക്സിക്കോയിലെ ഒയക്സാക്കയിലെ സംഭാഷണം അവസാനിപ്പിച്ച് (നിങ്ങളുടെ രാജ്യത്തിലെ ഒരു പട്ടണത്തിന്റെ പേർ എഴുതുക)അവർക്ക് യാത്രയയപ്പ് നൽകി. അടുത്ത ദിവസം മെക്സിക്കോയിലെ ചിയാപ്പാസിൽ സന്ധിക്കും. പ്രധാന നാശകാരിയായ ചുഴലിക്കാറ്റു ഉണ്ടാകുമെന്ന മുന്നറിയിപ്പിനെ അവർ അവഗണിച്ചു.
- യേശു സ്റ്റേജിന്റെ അഗ്രഭാഗത്ത് നിന്ന് പ്രാർത്ഥിക്കാൻ ആരംഭിക്കുകയും കൂടുതൽ സമയം അവിടെ നിന്നുകൊണ്ട് പ്രാർത്ഥിക്കയും ചെയ്തു.
- യേശു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പത്രോസ് സ്റ്റേജിന്റെ മദ്ധ്യഭാഗത്ത് നിന്നുകൊണ്ട് ഒരു യാത്രക്കുള്ള ഒരുക്കങ്ങൾ നടത്തുകയായിരുന്നു. അവർ യാത്ര തുടങ്ങിയപ്പോൾ വലിയ കാറ്റ് അടിച്ച് സാഹചര്യം ഭയാനകം ആയി. തുടർമാനമായി പത്രോസ് ചില കാര്യങ്ങൾ ചെയ്തു. അവൻ ഭക്ഷണം വാങ്ങിക്കുന്നു, കഴിക്കുന്നു. അവൻ കഴിച്ചത് ഛർദ്ദിക്കുന്നു. അല്പം മയങ്ങുന്നു. പിന്നേയും കൂടുതൽ ലഘുഭക്ഷണം വാങ്ങാൻ പോകുന്നു. സമുദ്രം കൂടുതൽ പ്രക്ഷുബ്ദമാകുമ്പോൾ വീണ്ടും കഴിച്ച ലഘുഭക്ഷണം ഛർദ്ദിക്കുന്നു. (യേശുവിനെ

ഒടുവിൽ കണ്ടിട്ട് 5 മണിക്കൂർ ഇപ്പോൾ ആയി എന്നത് കുട്ടികളോട് സൂചിപ്പിക്കുക.)
പത്രോസ് കൂടുതൽ അസുഖമുള്ളവനായി പടകിന്റെ പിൻഭാഗത്തേക്ക് അവന്റെ സ്നേഹിതനമൊത്തു പോയി തിരകളെ നോക്കി, വെള്ളത്തിലൂടെ ഒരു ഭൂതം നടന്നു വരുന്നതുപോലെ വെള്ളത്തിലൂടെ ആരോ വരുന്നതു കാണുന്നു.

- ഒരു ഭൂതം എന്നു പറഞ്ഞു എല്ലാവരും അലറി വിളിക്കുന്നു. അപ്പോൾ ഞാനാണ് യേശു നിങ്ങൾ ഭയപ്പെടാതിരിക്കുക എന്ന് യേശു ഉത്തരം പറയുന്നു.
- ഞാൻ നിന്നോടൊപ്പം വെള്ളത്തിൽ നടന്നു വരട്ടെ എന്ന് യേശുവിനോട് പത്രോസ് ചോദിക്കുന്നു. തീർച്ചയായും നിനക്ക് വരാം'''' വരിക'' എന്ന് യേശു മറുപടി നൽകി.
- പത്രോസ് പടകിൽ നിന്ന് താഴേക്കിറങ്ങി. അവന്റെ സ്നേഹിതർ ഭയപ്പെട്ട് ബോട്ടിന്റെ ക്യാപ്റ്റനെ കാണുവാൻ പോകുന്നു.(കയറുവാനും ഇറങ്ങുവാനും കഴിയുന്ന ഒരു കോവണി ഉണ്ടെങ്കിൽ നല്ലതാണ്.
- പത്രോസ് വെള്ളത്തിലിറങ്ങി യേശുവിനെ നോക്കി അവന്റെ നേരെ നടക്കുവാൻ ആരംഭിച്ചു.
- എന്നാൽ അവൻ വെള്ളത്തിലേക്ക് നോക്കിയപ്പോൾ ഭയപ്പെട്ട് പതുക്കെ വെള്ളത്തിൽ താഴുവാൻ തുടങ്ങി. യേശു അവന്റെ അടുത്തെത്തി അവനെ രക്ഷിച്ചു.
- അവർ ഒന്നിച്ച് നടന്ന് ഏണിപ്പടികൾ കയറി ലോഗോസിൽ എത്തി. ഇപ്പോൾ ആ കപ്പലിൽ 2 പേരും സുരക്ഷിതരാണ്.
- കപ്പലിൽ(പടകിൽ) അവർ കയറിയപ്പോൾ കൊടുങ്കാറ്റ് ശമിച്ച് കടലിന്റെ പ്രക്ഷുബ്ധത കുറഞ്ഞു.

(ഇതിനു സമാപനം കുറിക്കാൻ ചില അദ്ധ്യാപകർ മുന്നിൽ വന്ന് ഇങ്ങനെ പറയണം. ''എത്ര അത്ഭുതകരമായിരിക്കുന്നു. യേശു വാസ്തവത്തിൽ ദൈവ പുത്രൻ തന്നെയാണ്'')

## കളപ്പുര കരകൌശലങ്ങൾ 5

### പത്രോസ് വെള്ളത്തിൽ



1. ചിത്രങ്ങൾ ഡൌൺ ലോഡ് ചെയ്യുക. കടലും 3 ചിത്രങ്ങളും വിദ്യാർത്ഥികൾ നിറം കൊടുക്കുക.
2. മൂന്ന് ചിത്രങ്ങളും അകത്ത് തിരുകി കയറ്റുവാനോ കടലിനോടു ഒട്ടിക്കുവാനോ കഴിയുന്ന വിധത്തിൽ താഴ്‌വശത്ത് ഒരു റ്റാബ് വരത്തക്കവിധം മുറിക്കുക
3. തിരശ്ചീനമായ കുത്തിട്ട ലൈനുകളിൽ വെള്ളവുമായി ചേർന്ന് നിൽക്കത്തക്കവിധം കടലാസ് മടക്കുക. ഒരു തിര ഉണ്ടാകുന്നത് പോലെ

കൈകൾ കൊണ്ട് വിദ്യാർത്ഥികൾ ആ കടലാസുകൾ കീറുക. ഒരു ക്രയോണിന്റെയോ കത്രികയുടെയോ മുകളിൽ വരത്തക്കവിധം തിരമാലകൾ ചുരുണ്ടു പോകത്തക്കവിധം ക്രമീകരിക്കുക.

### ഹസ്തദാനം ചലനങ്ങളോടെ




ദിവസം-5: പവർ റേഞ്ചർ

അവസാനത്തെ നീക്കത്തിന് ശേഷം, (ദിവസം 4) വലതു കൈ ഒരുമിച്ച് ചുരുട്ടിപ്പിടിക്കുക

ഒരുമിച്ച് ആകാശത്തേക്ക് ഉയർത്തുക

കൈമുഷ്ടി ചുരുട്ടി നിങ്ങളുടെ നെഞ്ചിൽ വയ്ക്കുക

കൈമുഷ്ടി ചുരുട്ടിക്കൊണ്ട് തന്നെ കൈകൾ ശക്തിയായി നിവർക്കുക.

### മുന്തിരിത്തോട്ട ഗയിമുകൾ 5

### കൊടി കൈക്കലാക്കുക






2 റ്റീമുകൾക്ക് രൂപം കൊടുക്കുക. ഏത് റ്റീമിലാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് അറിവാൻ റ്റീമംഗങ്ങൾ പ്രത്യേക നിറമുള്ള ബാൻഡ് ധരിക്കും. കോർട്ടിന്റെ അഗ്രഭാഗത്ത് ഓരോ റ്റീമിനും ഓരോ കൊടി പ്രദർശിപ്പിക്കുക. ഓരോ റ്റീമും മറ്റുള്ള റ്റീമിന്റെ കൊടി അവരുടെ സ്ഥാനത്ത് കൊണ്ടുവരത്തക്കവിധം ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഈ ഗയിമിൽ ഉൾക്കൊണ്ടിരിക്കുന്നു.

ഒരു കുട്ടി സ്വന്തം സുരക്ഷിത സ്ഥാനത്ത് നിന്ന് വെളിയിൽ പോയി അടുത്ത വിഭാഗത്തിലെ ആരെങ്കിലും തൊട്ടാൽ ആ കുട്ടി പുറത്ത് പോകണം. റ്റീമംഗങ്ങൾക്ക് സ്വതന്ത്രമായി നീങ്ങുവാനും തൊടാൻ കഴിയാത്ത വിധത്തിലും ഉള്ള സുരക്ഷിത സ്ഥലം നേരത്തെ തീരുമാനിക്കണം. ഈ ഭാഗം അടയാളപ്പെടുത്തുന്നത് പ്രധാനമാണ്. റ്റീമംഗങ്ങൾ അവരുടെ സ്വന്തം കൊടി സംരക്ഷിക്കത്തക്കവിധത്തിൽ അതിൽ നിന്ന് 1 മീറ്റർ അകലം പാലിച്ച് നിലയുറപ്പിക്കണം. അദ്ധ്യാപകരും മറ്റു പ്രായമുള്ളവരും ആയിരിക്കണം മദ്ധ്യസ്ഥർ.

### സംഗീതവും പാവകളിയും കൊണ്ട് സമാപനം 5



കുതിര: അത് ശരിയായി പ്രവർത്തിക്കുന്നില്ല!

കോഴി: എന്തുപറ്റി? നീ വാങ്ങിച്ച ഹെയർ ഡ്രയറിനെക്കുറിച്ചാണോ പറയുന്നത്.

കുതിര: അതേ. ഒരു പ്രയോജനവും ഇല്ലാത്ത ഒന്നിന് വേണ്ടി പണം ചിലവാക്കാതിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. നേരത്തെ ഡ്രയർ ഇല്ലാതെ ഒന്നര മണിക്കൂർ കൊണ്ട് എന്റെ മുടി ഉണങ്ങുമായിരുന്നു. എന്നാൽ ഇതുകൊണ്ട് എന്റെ മുടി ഉണങ്ങാൻ

കൂടുതൽ സമയം എടുക്കുന്നുണ്ട്. അത് ഒരു പ്രയോജനവും ഇല്ലാത്തതാണ്.
കോഴി: അത് ഭയങ്കരം തന്നെ, എന്റെ ഡ്രയർ കൊണ്ട് എന്റെ തലപ്പൂവ് ഉണക്കാൻ 5 മിനിറ്റ് മതി.
കുതിര: ശരി. എന്റെ അങ്ങനല്ല. അത് എന്റെ തലയുടെ മുമ്പിൽ 8 മണിക്കൂർ വച്ചിട്ടും മുടി ഇതുവരെ ഉണങ്ങിയിട്ടില്ല.(ശ്രദ്ധിക്കുക ഡ്രയർ കറന്റുമായി ബന്ധിപ്പിച്ചിട്ടില്ല)
കോഴി: ഞാൻ അത് പ്ലഗിൽ കുത്താം (ഡ്രയർ പ്രവർത്തിക്കുന്നു)
കുതിര: എന്താണാ ശബ്ദം. അത് പൊട്ടിത്തെറിക്കാൻ തുടങ്ങുന്നു. സഹായിക്കുക-സഹായിക്കുക
കോഴി: എന്തിനാ ഭയപ്പെടുന്നത്? നീ ഇതുവരെ പ്ലഗിൽ കുത്തിയിട്ടു പോലുമില്ലെന്ന് തോന്നുന്നല്ലോ? നിൻറെ മുടി ഉണക്കാൻ കഴിഞ്ഞില്ല എന്നതിൽ അതിശയിക്കേണ്ടതില്ല. ചൂടുകാറ്റ് വരുന്നത് നിനക്ക് അനുഭവം ആകുന്നുണ്ടോ?
കുതിര: അതെ (അത് അവന്റെ തലയിലേക്ക് കൊണ്ടുവരുന്നു). ഇത് ആശ്ചര്യമാണല്ലോ! എന്തായാലും, ഇത് അത്ര പ്രയോജനം ഇല്ലാത്തതല്ല.
കോഴി: തീർച്ചയായും. ഒരു ഡ്രയർ അത് ശരിയായി പ്രവർത്തിക്കാൻ അത് പ്ലഗിൽ കുത്തണം, പ്രായോഗികമായി കറന്റ് ഇല്ലെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവും ഇല്ല.
യോഹ: 15:5-ൽ പറയുന്നത് ഇത് എന്നെ ഓർപ്പിക്കുന്നു. ''ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല''.
കുതിര: എന്റെ ഡ്രയർ വിദ്യുച്ഛക്തിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതുപോലെ ഞാൻ ക്രിസ്തുവുമായി ബന്ധത്തിൽ ആയിരിക്കണം എന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?

കോഴി: അതേ തീർച്ചയായും, യേശു ആകുന്ന മുന്തിരിവള്ളിയിൽ നിന്ന് ബന്ധം വിഛേദിക്കപ്പെട്ടാൽ  കാര്യങ്ങൾ ശരിയായി ചെയ്യുവാൻ കഴികയില്ലെന്നു മാത്രമല്ല അവനിലൂടെ മാത്രമേ ഫല പൂർണ്ണതയുള്ളതും ഒരു നല്ല ജീവിതം നയിക്കുവാനും കഴിയുകയുള്ളൂ. അത്ഭുതകരം! ഇപ്പോൾ വേഗം നിങ്ങളുടെ മുടി ഉണക്കാൻ ശ്രമിക്കാം, അങ്ങനെ വി.ബി.എസിലെ കുട്ടികളോട് ഗുഡ്ബൈ പറയാൻ കഴിയും.